# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി7-1192/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 05/11/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: 1192/2025 കെ.എസ്.എ.പി.റ്റി.എ.പി7- തീയ്യതി: 05/11/2025

# പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2025 മുതൽ 29-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രഞ്ജിത് കുമാർ ജി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2025 | 29-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 29-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. രാജേഷ് എം, ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺകുമാർ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിനു ജോസഫ് | പ്രസിഡന്റ് | 01-01-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. ബിനു വർഗ്ഗീസ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനയൻ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| പ്രവീൺ ജോൺ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| സിന്ധു പി ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 05-04-2024 |
| സിന്ധു എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 06-04-2024 | 20-08-2024 |
| ആനി എൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 20-08-2024 | 31-03-2025 |
| ഡോ.ദീപ്തി വി ജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 11-04-2024 |
| ഡോ.റാബിയ എ ജെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 12-04-2024 | 31-03-2025 |
| ഡോ,ജാർവിസ് ജേക്കബ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ജ്യോതി എസ് നായർ | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| റോഷ്ന കരീം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. സുമയ്യ | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ ലാവണ്യ രാജൻ | മെഡിക്കൽ ഓഫീസർ FHC | 01-04-2024 | 03-08-2024 |
| ഡോ സിമി എഫ് | മെഡിക്കൽ ഓഫീസർ FHC | 03-08-2024 | 19-08-2024 |
| ഡോ. നിഷോർ റ്റി | മെഡിക്കൽ ഓഫീസർ FHC | 19-08-2024 | 31-03-2025 |
| വിജീഷ് വി എസ് | വി ഇ ഒ 1 | 01-04-2024 | 20-05-2024 |
| അഞ്ജലി സന്തോഷ് | വി ഇ ഒ 2 | 01-04-2024 | 15-07-2024 |
| സൂസൻ റൂഫസ് | വി ഇ ഒ | 28-05-2024 | 31-03-2025 |
| അമിൽ ഡി ദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 02-09-2024 |
| പാർവതി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 03-09-2024 | 31-03-2025 |
| എസ് വിദ്യ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-4 |
| 6 | മുൻ കാലയളവ് (Prior Period) ഹെഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-5 |
| 7 | ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന് കൃത്യതയില്ല | 1-1-6 |
| 8 | വാടക – കുടിശ്ശികയിനത്തിലുള്ള തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ചെലവുകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നില്ല | 1-1-8 |
| 10 | പാർട്ട് ബിൽ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | Liability In Respect Of Stale Cheques- തുക ക്രമീകരിച്ചില്ല | 1-1-11 |
| 13 | ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-12 |
| 14 | വസ്തു നികുതി-സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല | 1-1-14 |
| 16 | നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-15 |
| 17 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | യു.പി.ഐ. പേയ്മെന്റ് അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല | 1-11 |
| 28 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില ഭദ്രമല്ല | 1-12 |
| 29 | മൊബൈൽ ടവറിന്റെ 2022 ഒന്നാം അർദ്ധവർഷം മുതലുള്ള നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 30 | സേവന ഉപനികുതി ഈടാക്കുന്നില്ല | 1-14 |
| 31 | തൊഴിൽ നികുതി - അപാകങ്ങൾ | 1-15 |
| 32 | വാടക പിരിവ് - അപാകതകൾ | 1-16 |
| 33 | ലേലം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-17 |
| 34 | വെള്ളക്കര കുടിശിക 4 കോടി രൂപ- ഗ്രാമപഞ്ചായത്ത് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 35 | ജി.എസ്.റ്റി. പെനാൽറ്റി അടവാക്കിയത് ഉത്തരവാദികളിൽ നിന്നും ഈടാക്കിയിട്ടില്ല | 1-19 |

| | | |
|---|---|---|
| 36 | അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല | 1-20 |
| 37 | യോഗ നടപടികളുടെ മിനിട്സ് തയ്യാറാക്കിയതിൽ ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല | 1-21 |
| 38 | ധാതു ലവണ മിശ്രിതവും വിരമരുന്നും- 119 കി.ഗ്രാം മിശ്രിതത്തിന്റെ വിതരണ വിവരം ലഭ്യമായില്ല | 1-22 |
| 39 | മുട്ടക്കോഴി വിതരണം - വിതരണക്കാരന് അധിക തുക നല്കി | 1-23 |
| 40 | മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അനുവദനീയമല്ലാത്ത പ്രവൃത്തി നടപ്പാക്കി | 1-24 |
| 41 | മുൻ വർഷങ്ങളിലെ കണ്ടിജൻസി ചെലവുകൾ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ചത് നിയമാനുസൃതമല്ല | 1-25 |
| 42 | മിനിമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് - മരാമത്ത് ചട്ടങ്ങൾ പാലിച്ചില്ല | 1-26 |
| 43 | മിനി MCF-കൾ യഥാസ്ഥലത്ത് സ്ഥാപിക്കാതെ MCF പരിസരത്ത് സൂക്ഷിച്ചിരിക്കുന്നു | 1-27 |
| 44 | ജൽജീവൻ മിഷൻ പദ്ധതി | 1-28 |
| 45 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല | 3-1 |
| 2 | മുട്ടക്കോഴി വിതരണം - വിതരണക്കാരന് അധിക തുക നല്കി | 3-2 |
| 3 | മിനിമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് - മരാമത്ത് ചട്ടങ്ങൾ പാലിച്ചില്ല | 3-3 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2025 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 13/06/2025 തീയതിയിലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 18/06/2025-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
05/11/2025

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. സ്ഥാപനം ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളും വാർഷിക

ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

**1-1-3 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല**

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽ തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ 31.03.2025 തീയതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 72,30,960 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,49,803 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണ്.

**1-1-5 മുൻ കാലയളവ് (Prior Period) ഹെഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം I-18 - Prior Period Expenditure, I-19 - Prior Period Income എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | | |
|---|---|---|
| 190100101 | Prior Period Income – Property Tax | 247527 |
| 190100102 | Prior Period Income - Profession Tax - Institutions/Professionals/Traders | 600 |
| 190200201 | Prior Period Income - License Fees | 2500 |
| 190200401 | Prior Period Income - Other Incomes | 221157 |
| 290600101 | Prior Period Expenses - Remission And Refund - Rent From Buildings | 12734 |

**1-1-6 ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന് കൃത്യതയില്ല**

ഗുണഭോക്തൃ വിഹിതം ഇനത്തിൽ ബി4 ഷെഡ്യൂളിലെ 1,90,047 രൂപ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല.

**1-1-7 വാടക – കുടിശ്ശികയിനത്തിലുള്ള തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശികയിനത്തിൽ 61,629 രൂപയാണുള്ളത്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം തൻ വർഷം 53,079 രൂപയും, കുടിശ്ശിക 50,157 രൂപയും ഈടാക്കാൻ അവശേഷിക്കുന്നു.

**1-1-8 ചെലവുകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നില്ല**

Project No. 133 (SO) രണ്ട് എയ്ഡഡ് സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണം Rs. 2,41,381 ആസ്തി ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം റവന്യു ഹെഡിൽ (251100108) അക്കൗണ്ട് ചെയ്തു.

**1-1-9 പാർട്ട് ബിൽ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

ഷെഡ്യൂൾ ബി-11(ബി): തൻവർഷത്തെ പാർട്ട് ബിൽ ഇനത്തിലുള്ള 17,30,006 രൂപ Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-10 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി-7 പ്രകാരം 3,83,715 രൂപ നീക്കി ബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-11 Liability In Respect Of Stale Cheques- തുക ക്രമീകരിച്ചില്ല

ഷെഡ്യൂൾ ബി 9 - Liability In Respect Of Stale Cheque – അക്കൗണ്ട് ചെയ്തിരിക്കുന്ന 5000 രൂപ കൃത്യമായ ഹെഡിൽ ക്രമീകരിക്കേണ്ടതാണ്.

## 1-1-12 ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

Project No. 121/25 (So) അങ്കണവാടികൾക്ക് കുട്ടിക്കസേര എന്ന പ്രോജക്ടിന്റെ ചെലവ് 48,800 രൂപയും, Project No. 122/25 (So) അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗവ് വാങ്ങൽ എന്ന പ്രോജക്ടിന്റെ ചെലവ് 37,026 രൂപയും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-13 വസ്തു നികുതി-സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-45, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-14 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

ജേണൽ വൗച്ചറുകൾ വഴി നടത്തുന്ന രേഖപ്പെടുത്തലുകൾ, അംഗീകൃത വൗച്ചറുകളുടെയും രേഖകളുടെയും പിൻബലത്തോടെ ആധികാരികമാക്കിയിട്ടില്ല.

## 1-1-15 നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-18: നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. നിക്ഷേപിച്ചതും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ, രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

## 1-1-16 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)(എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബഡ്ജറ്റ് 07.02.2024-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 05.02.2025-ലെ 2 -ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | | യഥാർത്ഥത്തിലുള്ളത് | |
|---|---|---|---|---|
| | പഴയത് | പുതുക്കിയത് | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
| മുന്നിരിപ്പ് | 18841135 | 9924650 | 16482205 | |
| വരവ് | 103143354 | 90479375 | 40092167 | 108964449 |

| | | | | |
|---|---|---|---|---|
| ആകെ | 121984489 | 100404025 | 56574372 | |
| ചെലവ് | 74003588 | 91441089 | 32861207 | 110978385 |
| നീക്കിയിരിപ്പ് | 47980901 | 8962936 | 23713165 | |

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്(രൂപ) | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(രൂപ) |
|---|---|---|
| മുന്നിരിപ്പ് | 16482205 | |
| വരവ് | 40092167 | 108964449 |
| ആകെ | 56574372 | |
| ചെലവ് | 32861207 | 110978385 |
| നീക്കിയിരിപ്പ് | 23713165 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 11902000 | 11902000 | 10887026 | | |
| വികസന ഫണ്ട്-എസ്.സി.പി | ഇല്ല | 3373000 | 3373000 | 2140231 | | 558161 |
| വികസന ഫണ്ട്-ടി.എസ്.പി | ഇല്ല | ഇല്ല | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക് | 2581089 | 4756000 | 7337089 | 2755842 | 4581247 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി | ഇല്ല | 57000 | 57000 | 0 | | 57000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ബാങ്ക് | 1439260 | 2302074 | 3741334 | 2410980 | 1330354 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ട്രഷറി | ഇല്ല | 9865 | 9865 | 0 | | 9865 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | ഇല്ല | 7176000 | 7176000 | 5993971 | | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ഇല്ല | 7623000 | 7623000 | 7575117 | | |
| ഹെൽത്ത് ഗ്രാന്റ് 1 | 722842 | 330428 | 1053270 | 341111 | 712159 | |
| ഹെൽത്ത് ഗ്രാന്റ് 11 | 158022 | 515508 | 673530 | 148879 | 524651 | |
| **സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | | |
| ലൈഫ് പദ്ധതി – സംസ്ഥാന വിഹിതം | 1202132 | 0 | 1202132 | 840000 | 362132 | |
| **കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | | |
| എൻ.ആർ.ഇ.ജി.എസ്സ് | 2517 | 16131886 | 16134403 | 16134403 | 0 | |
| ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം | 635402 | 1528077 | 2163479 | 645739 | 1517740 | |
| ശുചിത്വ മിഷൻ | ഇല്ല | 560958 | 560958 | 560958 | | |

ആകെ 1,19,45,542 രൂപ ജനറൽ പർപ്പസ് ഫണ്ട് ലഭിച്ചിട്ടുണ്ട്.

**ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ**

**വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വരവായി ചേർത്തിട്ടില്ല**

| ഫണ്ട് | ഇനം- സോഴ്സ് ഡിഡക്ഷൻ | തുക |
|---|---|---|
| വികസനഫണ്ട്-ജനറൽ | അങ്കണവാടി അധികവേതനം | 832200 |
| വികസനഫണ്ട്-ജനറൽ | ലൈഫ് ഭവനപദ്ധതി വായ്പാതിരിച്ചടവ് | 1187748 |
| വികസനഫണ്ട്-എസ്.സി.പി | ലൈഫ് ഭവനപദ്ധതി വായ്പാതിരിച്ചടവ് | 15579 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 103911722 | 153 | 41738990 | 0 | 64 | 70.50 |

**നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം**

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 15 | 8 | 1879036 | 935240 | 53.33 |
| 2 | വെറ്റിനറി സർജൻ | 7 | 7 | 1824050 | 980446 | 100 |
| 3 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 11 | 10 | 3784746 | 2405793 | 90.90 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 270000 | 269165 | 100 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 605000 | 604400 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30 | 11 | 54939580 | 9216105 | 36.66 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 13 | 5300669 | 3342668 | 92.85 |
| 8 | സെക്രട്ടറി | 29 | 19 | 4636808 | 3967854 | 65.51 |
| 9 | ഹെഡ്മാസ്റ്റർ | 4 | 4 | 1004000 | 991881 | 100 |
| 10 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 1600000 | 1006090 | 100 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 17 | 11 | 2285148 | 1882609 | 64.70 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 50000 | 20000 | 100 |
| 13 | അസിസ്റ്റന്റ് എഞ്ചിനീയർ | 81 | 61 | 25732685 | 16116739 | 75.30 |
| | | **217** | **153** | **103911722** | **41738990** | **70.50** |

- ലൈഫ് ഭവന പദ്ധതി, അങ്കണവാടി ജീവനക്കാരുടെ ശമ്പളം ഇനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്ത തുക ഉൾപ്പെടെയാണ് ചെലവ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുക വകയിരുത്തിയ തുകയിൽ ഉൾപ്പെട്ടിട്ടില്ല.
- കൃഷി ഓഫീസർ ഏറ്റെടുത്തതും നടപ്പാക്കാൻ കഴിയാതിരുന്നതുമായ പ്രോജക്ടുകൾ മിക്കതും വ്യക്തിഗത പ്രോജക്ടുകളായിരുന്നു. യഥാസമയം ഗുണഭോക്താക്കളെ കണ്ടെത്തി പ്രോജക്ട് നടപ്പാക്കാതിരുന്നത് വീഴ്ചയാണ്. കാട്ടുമൃഗങ്ങളിൽ നിന്നും ഭീഷണി നേരിടുന്ന കൃഷി സ്ഥലങ്ങൾക്ക് സംരക്ഷണം ഒരുക്കാൻ തയ്യാറാക്കിയ കൃഷിയിടങ്ങൾക്ക് സൗരവേലി നിർമ്മാണം എന്ന പ്രോജക്ടിന് വകയിരുത്തിയ 2,20,000 രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.
- മെഡിക്കൽ ഓഫീസർ നടപ്പാക്കേണ്ടിയിരുന്നതും ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആസൂത്രണം ചെയ്തിരുന്നതുമായ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ എന്ന പ്രോജക്ടിന് വകയിരുത്തിയ 3,10,000 രൂപ ചെലവഴിക്കാതിരുന്നതും ഉപ കേന്ദ്രങ്ങളിൽ വെൽനസ് പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ 5,13,000 രൂപയിൽ 4,500 രൂപ മാത്രം ചെലവഴിച്ചതും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്.
- വി.ഇ.ഒ നിർവ്വഹണ ചുമതലയേറ്റതും ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്ഫണ്ട്) വകയിരുത്തിയതുമായ 5 മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല. ഭവനനിർമ്മാണ പ്രോജക്ടുകളിൽ ആവശ്യത്തിലധികം തുക വകയിരുത്തിയത് വി.ഇ.ഒ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് ശതമാനത്തിലും പഞ്ചായത്തിന്റെ ആകെ ചെലവ് ശതമാനത്തിലും കുറവിന് കാരണമായി.

**അടിസ്ഥാന സൗകര്യങ്ങളില്ലാതെ പഞ്ചായത്ത് ഓഫീസ് കെട്ടിടം**

കോട്ടാങ്ങൽ ഗ്രാപഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഭരണസമിതിക്ക് വീഴ്ച വന്നിട്ടുണ്ട്. സംസ്ഥാനത്ത് പഞ്ചായത്ത് ഓഫീസുകൾ ISO

നിലവാരം ഒരുക്കുമ്പോൾ കോട്ടാങ്ങാൽ പഞ്ചായത്തിൽ ടോയ്‌ലറ്റ് സംവിധാനം പോലും ഒരുക്കുന്നതിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ എത്തിച്ചേരുന്നവർക്ക് വാഹനങ്ങൽ പാർക്ക് ചെയ്യുന്നതിന് പഞ്ചായത്ത് ഓഫീസിൽ സൗകര്യം ഒരുക്കിയിട്ടില്ല. പ്രായമായവർക്കും ശാരീരിക അവശത ഉള്ളവർക്കും പഞ്ചായത്തിന്റെ മുകൾ നിലയിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ അപ്രാപ്യമാണ്. പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള ടോയ്‌ലറ്റ് ചോർച്ചയുള്ളതും അപകടാവസ്ഥയിലുള്ളതുമാണ്. പഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള ചുമതല നിർവഹിക്കുന്നതിൽ ഭരണ സമിതി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് (01/04/2024) | 2517 | | |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1506274 | ശമ്പളവും ആനുകൂല്യങ്ങളും | 1354099 |
| പലിശ വരവ് | 24416 | പ്രിന്റിംഗ് & സ്റ്റേഷനറി | 850 |
| തൊഴിലാളികൾക്കുള്ള വേതനം | 13410030 | തൊഴിലാളികൾക്കുള്ള വേതനം | 13410030 |
| മെറ്റീരിയൽ | 1191166 | മെറ്റീരിയൽ | 1191166 |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1385642 | പഞ്ചായത്ത് തനത് ഫണ്ട് മുൻകൂർ തിരിച്ചടവ് | 1506274 |
| | | തൊഴിലുറപ്പ് മിഷനിലേക്ക് തിരിച്ചടവ് | 26933 |
| | | മറ്റ് ചെലവുകൾ | 30693 |
| | | നീക്കിയിരിപ്പ്(31/03/2025) | 0 |
| **ആകെ** | **17520045** | **ആകെ** | **17520045** |

(ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കും വാർഷിക കണക്കും തമ്മിൽ 13,85,642 രൂപയുടെ വ്യത്യാസമുണ്ട്. ആയത് പൊരുത്തപ്പെടുത്തിയിട്ടില്ല.)
ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് 2025 മാർച്ച് മാസം വരെ നടത്തുകയും അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ അപ് ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സാധനങ്ങൾ ഉൾപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നുണ്ട്. 2021-22-ൽ അംഗീകാരം ലഭിച്ച റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ പോലും 2024-25-ൽ നടപ്പാക്കിയതായാണ് കാണുന്നത്. പ്രവൃത്തിയുടെ വിദഗ്ധ തൊഴിലാളി വേതനം നല്കിയിട്ടില്ലാത്തതിനാൽ, ഇതിനായി വാങ്ങിയ സാധനങ്ങളുടെ വില മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ അപ് ലോഡ് ചെയ്യാൻ പോലും കഴിഞ്ഞിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണത്തിനായി തൻവർഷം ചെലവഴിച്ച തുകയുടെ വിവരവും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1456000 | 96 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2850100 | 188 |
| വിധവാ പെൻഷൻ | 8247000 | 548 |
| വാർദ്ധക്യകാല പെൻഷൻ | 25808600 | 1765 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 19800 | 14 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2025 തീയതിയിൽ 3.15 P.M-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1800 രൂപ (ആയിരത്തി എണ്ണൂറ് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഓഡിറ്റ് വർഷം സാമ്പത്തിക വിനിമയങ്ങളുടെ അക്കൗണ്ടിംഗ് സാമാന്യം തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്ക് തയ്യാറാക്കുന്നതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട് (ഇവ പ്രത്യേകമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). വിവിധ അക്കൗണ്ടുകളുടെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള മാസാവസാന നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകുകയും യഥാസമയം ആവശ്യമായ മാറ്റം വരുത്തി കാലികമാക്കുകയും ചെയ്യുന്നുണ്ട്. അതത് മാസങ്ങളിലെ വരവു – ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2008 | 1997-98 – 2007-28 | 06.08.2008 |

## 1-11 യു.പി.ഐ. പേയ്മെന്റ് അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല

21-07-2023 തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി./20073/2023-ആർ.ഇ.വി2 നമ്പർ സർക്കുലർ പ്രകാരം, BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പെയ്മെന്റിനായി മാത്രം ഉപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീകൺസിലിയേഷൻ നടത്തി, നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ, ഐ.സി.ഐ.സി.ഐ ബാങ്കിലുള്ള UPI Payment അക്കൗണ്ടിലെ (A/C No. 258505000429) തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് (A/C No. 122512803000028/കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. 31.03.2025-ൽ UPI കറന്റ് അക്കൗണ്ടിലെ ബാലൻസ് തുക 13,62,393 രൂപയായിരുന്നു. സർക്കുലർ നിർദ്ദേശം പാലിക്കാതിരുന്നതിനാൽ, പഞ്ചായത്തിന് പലിശ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനം നഷ്ടമായി. 28.08.2025-ൽ 14,52,070 രൂപ ടി അക്കൗണ്ടിൽ ബാലൻസായി അവശേഷിക്കുന്നുണ്ട്. റീകൺസിലിയേഷൻ പൂർത്തീകരിച്ച് പലിശ ലഭിക്കത്തക്ക വിധം കൃത്യമായ ഇടവേളകളിൽ കറന്റ് അക്കൗണ്ടുകളിൽ നിന്ന് സേവിംഗ്സ് അക്കൗണ്ടിലേക്ക് തുക മാറ്റി നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില ഭദ്രമല്ല

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ തനത് വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില ഭദ്രമല്ല എന്നു കാണുന്നു. 2024-25 വർഷത്തെ നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്).

| തനത് വരുമാനം | | തനത് ചെലവുകൾ | |
|---|---|---|---|
| നികുതി വരവുകൾ (I-1) | 4925849 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (I-10) | 10103601 |
| നികുതിയേതര വരവുകൾ (I-3+I-4+I-5) | 2383984 | ഭരണപരമായ ചെലവുകൾ (I-11) | 934923 |
| പലിശയും മറ്റ് വരവുകളും (I-8+ I-9) | 397309 | പ്രവർത്തന ചെലവുകളും പരിപാലനവും (I-12) | 2762479 |
| | | ബാങ്ക് ചാർജ് (I-13) | 829 |
| **ആകെ** | **7707142** | **ആകെ** | **13801832** |
| റവന്യൂകമ്മി | | | **6094690** |

2024-25 സാമ്പത്തിക വർഷം പൊതു ആവശ്യ ഗ്രാന്റായി 1,19,45,542 രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതു ആവശ്യ ഗ്രാന്റ് ലഭിയ്ക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുത ചാർജ് എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഇവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/

നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-13 മൊബൈൽ ടവറിന്റെ 2022 ഒന്നാം അർദ്ധവർഷം മുതലുള്ള നികുതി ഈടാക്കാൻ അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പ്രകാരം റിലയൻസ് കമ്മ്യൂണിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല എന്നവരുടെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ 2022 ഒന്നാം അർദ്ധവർഷം മുതലുള്ള നികുതി 10599 രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 സേവന ഉപനികുതി ഈടാക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് മുതലായ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലായെന്നും വ്യവസ്ഥ ചെയ്യുന്നു. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കുകൾ അനുസരിച്ച് ശുചിത്വ പരിപാലനം (4%), ജലവിതരണം (3%), തെരുവു വിളക്കുകൾ (2%), ഡ്രെയിനേജ് (1%) എന്നിങ്ങനെ കുറഞ്ഞത് വസ്തുനികുതിയുടെ 10% നിരക്കിൽ സേവന ഉപനികുതി ഈടാക്കാമായിരുന്നു. തനത് ഫണ്ട് കുറവുള്ള പഞ്ചായത്ത് എന്നതിനാൽ നല്കുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാദ്ധ്യതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 തൊഴിൽ നികുതി - അപാകങ്ങൾ

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. **ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ദേവസ്വം ബോർഡ്, കുളത്തൂർ | രണ്ടാം അർദ്ധ വർഷം |
| 2 | മിത്ര ലബോറട്ടറി, കോട്ടാങ്ങൽ | രണ്ടാം അർദ്ധ വർഷം |

**2. പരിഷ്ക്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

സ.ഉ.(സാ.ധാ.)നം.1149/2024/LSGD തീയതി 27.06.2024 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ 2.118 നമ്പർ ശിപാർശയിലെ നിരക്കിൽ 2024 രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ജീവനക്കാരുടെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|
| **1** | **അമിറ്റി റോക്സ്, ചുങ്കപ്പാറ** | | | | |
| | ശാന്തമ്മ | 72000 | 750 | 600 | 150 |
| | തങ്കമ്മ | 72000 | 750 | 600 | 150 |
| | ഓമന | 72000 | 750 | 600 | 150 |

| | | | | | |
|---|---|---|---|---|---|
| | ബോബൻ ചുട്ടിയ | 72000 | 750 | 600 | 150 |
| | ബാബു പി.ആർ | 72000 | 750 | 600 | 150 |
| | ചിമിച്ചൻ | 72000 | 750 | 600 | 150 |
| | മഹേഷ് സുബ്രമണ്യം | 72000 | 750 | 600 | 150 |
| | സുനിൽ കുമാർ ടി.പി | 72000 | 750 | 600 | 150 |
| | കിഷോർ മാത്യു | 74400 | 750 | 600 | 150 |
| | അഫ്സൽ മോൻ കെ.ജെ | 72000 | 750 | 600 | 150 |
| | സിജോ തോമസ് | 72000 | 750 | 600 | 150 |
| | സന്തോഷ് | 72000 | 750 | 600 | 150 |
| | സുരേഷ് പി.എൻ | 72000 | 750 | 600 | 150 |
| | സുജിത് കുമാര് | 72000 | 750 | 600 | 150 |
| | നൗഷാദ് | 72000 | 750 | 600 | 150 |
| | വിജയമ്മ | 72000 | 750 | 600 | 150 |
| | ലളിത രാജപ്പൻ | 72000 | 750 | 600 | 150 |
| | നിദേഷ് മോൻ കെ | 72000 | 750 | 600 | 150 |
| | ദിപു കെ.ആർ | 72000 | 750 | 600 | 150 |
| | മനോജ് കെ.ജെ | 72000 | 750 | 600 | 150 |
| | അജൻ പി | 72000 | 750 | 600 | 150 |
| | ജേക്കബ് എൻ.ജെ | 72000 | 750 | 600 | 150 |
| **2** | **ആർ.ത്രീ എന്റർപ്രൈസസ്** | | | | |
| | ബിജി മോൾ ബി | 70184 | 750 | 600 | 150 |
| | ശരണ്യ ദേവി ജി. | 55580 | 750 | 450 | 300 |
| | അനില ഇ.ടി | 65681 | 750 | 600 | 150 |
| | സുനിത ബി | 76863 | 750 | 600 | 150 |
| | ഹാപ്പി നെൽസൺ | 66761 | 750 | 600 | 150 |
| | രെഞ്ചു ബാലൻ | 70770 | 750 | 0 | 750 |
| | പ്രിയങ്ക ജി. | 57349 | 750 | 450 | 300 |
| | അനുകൃഷ് വിജയൻ | 72310 | 750 | 600 | 150 |
| | സ്യൂലി മെയ്ററി | 73197 | 750 | 600 | 150 |
| | സംഗീത വിശ്വനാഥൻ | 59953 | 750 | 450 | 300 |
| | ബിൻസി മോൾ ജോർജ്ജ് | 62851 | 750 | 600 | 150 |
| | ശ്രീനിഷ ജെയ്സൺ | 55580 | 750 | 600 | 150 |
| | ശ്യാമിനി ശങ്കർ | 59532 | 750 | 450 | 300 |
| | ആഷ് ലി പി.എ | 56298 | 750 | 450 | 300 |
| **3** | **മൈക്രോ ലാബ്, ചുങ്കപ്പാറ** | | | | |
| | ലീല ഗോപിനാഥ് | 66000 | 750 | 600 | 150 |
| | രവീണ രാജൻ | 54000 | 750 | 450 | 300 |
| | സുമയ്യ എം.എ | 60000 | 750 | 600 | 150 |
| | **ആകെ** | | | | **7350** |

3. **<u>റേഷൻ കടകളിൽ നിന്നും നികുതി ഈടാക്കുന്നില്ല</u>**

പഞ്ചായത്ത് പരിധിയിലുള്ള 9 റേഷൻ കടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്) എ9-764/2019 നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതാണ്.

**4. <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>**

ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. അമൽ കെ.എസ്
2. ജോർജ്ജ് കുട്ടി ദേവസ്യ
3. ജോൺ സി. തോമസ്
4. സുരേഷ് എ.പി
5. ലഞ്ചു മോൻസി
6. ജോൺ തോമസ്
7. ജിതിൻ വർഗ്ഗീസ്
8. ഹരിലാൽ പി.ജെ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. കരാറുകാർ മറ്റേതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 21/29.09.2025) മറുപടിയായി ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതിനും, തൊഴിൽനികുതി അടവാക്കാത്തവരിൽ നിന്നും നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസസ്സ് ചെയ്യുന്നതിനും അസസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-16 വാടക പിരിവ് - അപാകതകൾ</u>

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വക 6 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. <u>ബൈലോ തയ്യാറാക്കിയിട്ടില്ല</u>**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരം മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികളുടെ വാടക പിരിവിനായി ബൈലോ തയ്യാറാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തു വക കടമുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

**2. <u>വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.</u>**

ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ വിവരം/കെട്ടിട നമ്പർ | കുടിശ്ശിക കാലയളവ്/ പ്രതിമാസ വാടക | വാടക കുടിശ്ശിക (രൂപ) |
|---|---|---|---|
| 1 | ശ്രീ. മുഹമ്മദ് ഷാജഹാൻ, തുണ്ടിയിൽ വീട്, വായ്പൂർ, Room No. 5 | 2023-24 (2871 * 12) | 34,452 |
| 2 | ശ്രീ. മുഹമ്മദ് ഷാജഹാൻ, തുണ്ടിയിൽ വീട്, വായ്പൂർ, Room No. 5 | 2024-25 (3015 * 12) | 36,180 |
| 3 | ശ്രീ. പി.റ്റി.സാമുവൽ, സെക്രട്ടറി, കാർഷിക സ്വാശ്രയ ലേല വിപണി, വായ്പൂർ | 2022- 23 (1007 * 3) | 3,021 |

| | | | |
|---|---|---|---|
| 4 | ശ്രീ. പി.റ്റി.സാമുവൽ, സെക്രട്ടറി, കാർഷിക സ്വാശ്രയ ലേല വിപണി, വായ്പൂര് | 2023-24 (1057 * 12) | 12,684 |
| 5 | ശ്രീ. പി.റ്റി.സാമുവൽ, സെക്രട്ടറി, കാർഷിക സ്വാശ്രയ ലേല വിപണി, വായ്പൂര് | 2024-25 (1110 * 12) | 13,320 |
| 6 | ശ്രീ. യൂനുസ് റാവുത്തർ, വള്ളിയാനിപ്പൊയ്കയിൽ, വായ്പൂര്, Room No. 6 | 2024-25 (March) | 3,579 |
| | **ആകെ** | | **1,03,236** |

കുടിശ്ശിക ഈടാക്കുന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/27.09.2025) കുടിശ്ശിക തുക ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 ലേലം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

1. **മൂല്യ നിർണ്ണയം പൂർത്തിയാക്കിയ മരങ്ങളുടെ ലേലം**

29.11.2024-ലെ 9(1) നം. ഭരണസമിതി തീരുമാന പ്രകാരവും, പ്രാദേശിക ട്രീ കമ്മിറ്റി തീരുമാന പ്രകാരവും ഗ്രാമപഞ്ചായത്തിലെ പൊതു സ്ഥലങ്ങളിലെ മുറിച്ചിട്ടിട്ടുള്ള മരങ്ങളുടെ വാല്യുവേഷൻ തുക നിശ്ചയിച്ച് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും അനുമതി ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) 13-ാം വാർഡിൽ കൊച്ചെരപ്പിലെ 85-ാം നമ്പർ അങ്കണവാടിക്ക് സമീപമുള്ള തേക്ക് - 61,800 രൂപ

II) ഗവ. എൽ.പി സ്കൂൾ, കുളത്തൂർ (3 തേക്ക്) - 76,744 രൂപ

III) പൊറ്റമല ഗവ. എൽ.പി.എസ് (പ്ലാവ് ) – 367 രൂപ

**2.** 18.6.2024-ലെ 5 (1) നം. ഭരണസമിതി തീരുമാനം പ്രകാരം കുളത്തൂർ ഗവ. എൽ.വി.എൽ.പി (പൊറ്റമല) സ്കൂളിൽ അറ്റകുറ്റപണിയോടനുബന്ധിച്ച് സൂക്ഷിച്ചിരിക്കുന്ന പഴയ ഓട്, തടി എന്നിവ ലേലം ചെയ്യുന്നതിനു വേണ്ടി വാല്യുവേഷൻ എടുക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുന്നതിനും, അപകടാവസ്ഥ കാരണം മറ്റ് ഘടക സ്ഥാപനങ്ങളിലും, സ്കൂളുകളിലും മുറിച്ചിട്ടിട്ടുള്ള മരങ്ങളുടെ വാല്യുവേഷൻ എടുക്കുന്നതിന് വനം വകുപ്പിലേക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചിരുന്നു.

**3.** 20.12.2024-ലെ 14(1) നം. ഭരണസമിതി തീരുമാനം പ്രകാരം കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ വായ്പ്പൂർ ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് അപകടാവസ്ഥയിൽ നിൽക്കുന്ന പാഴ്മരവും 2-ാം വാർഡിൽ നിൽക്കുന്ന തേക്ക്, പാഴ്മരം, റബ്ബർ, പന എന്നീ മരങ്ങൾ മുറിച്ചു നീക്കുന്നതിനും തീരുമാനിക്കുകയും ചെയ്തിരുന്നു.

**4.** 20.12.2024-ലെ 14(1) നം. ഭരണസമിതി തീരുമാനം പ്രകാരം കോട്ടാങ്ങൽ ഗവ. എൽ.പി സ്കൂളിലെ പഴയ കഞ്ഞിപ്പുര പൊളിച്ചുമാറ്റുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി എൽ.എസ്.ജി.ഡി എഞ്ചിനീയർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മല്ലപ്പള്ളി എ.ഇ.ഒ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയുടെ തീരുമാനം ലഭ്യമാക്കുന്ന മുറയ്ക്ക് കഞ്ഞിപ്പുര പൊളിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിന് കമ്മിറ്റി തീരുമാനിച്ചിരുന്നു.

മേൽ വിഷയങ്ങളിൻമേൽ/തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17/27.09.2025) മറുപടി ലഭ്യമാക്കിയില്ല. മരങ്ങൾ ലേലം ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 വെള്ളക്കര കുടിശിക 4 കോടി രൂപ- ഗ്രാമപഞ്ചായത്ത് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കണക്കാക്കിയതിലൂടെയും ഉപയോഗശൂന്യമായ ടാപ്പുകൾ വിച്ഛേദിച്ചതിലൂടെയും വെള്ളക്കരമിനത്തിൽ ഗണ്യമായ കുറവ് വരുത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. മുൻപ് പ്രതിമാസം 2,13,532 രൂപയായിരുന്ന വെള്ളക്കരം 2024 ഒക്ടോബർ മാസം മുതൽ 35,184 രൂപയായി കുറഞ്ഞു. എന്നാൽ കുടിശിക ഇനത്തിൽ നിലവിൽ 4 കോടി രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. ആയത് പ്രതിമാസം വർദ്ധിക്കുകയും ചെയ്യുന്നു. ടി കുടിശിക ഇല്ലാതാക്കുന്നതിന് ഗ്രാമപഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ജി.എസ്.റ്റി. പെനാൽറ്റി അടവാക്കിയത് ഉത്തരവാദികളിൽ നിന്നും

## ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തെറ്റായി ക്രഡിറ്റ് ചെയ്ത Input Tax യഥാസമയം ക്രമപ്പെടുത്തുകയോ തിരിച്ചടക്കുകയോ ചെയ്യാത്തതിനാൽ ജി.എസ്.റ്റി വകുപ്പിൽ നിന്നും നോട്ടീസ് ലഭിച്ചതിനെ തുടർന്ന് നികുതി ദായകനെ (ഗ്രാമപഞ്ചായത്തിന് വേണ്ടി സെക്രട്ടറി) 30.12.2024-ൽ നേരിൽ കേട്ടപ്പോൾ അവസാന മറുപടി നല്കുന്നതിന് 10 ദിവസം നല്കി. 17.01.2025-ൽ നല്കിയ മറുപടിയിൽ ചില Input Tax-കൾ തെറ്റായി രേഖപ്പെടുത്തിയതാണെന്ന് സെക്രട്ടറി ജി.എസ്.റ്റി വകുപ്പിനെ അറിയിച്ചു, കൂടാതെ 22/2024 CT തീയതി 08.10.2024 നോട്ടിഫിക്കേഷൻ പ്രകാരമുള്ള ആംനെസ്റ്റി പ്രോവിഷൻ പ്രയോജനപ്പെടുത്തി തെറ്റ് ക്രമപ്പെടുത്തുന്നതാണെന്നും മറുപടി നല്കി. എന്നാൽ വിഷയം പരിശോധിച്ച വകുപ്പ് തെറ്റായി ക്രഡിറ്റ് ചെയ്ത Input Tax തിരിച്ചടക്കേണ്ടതാണെന്നും, ആയതിന് പലിശയും പിഴയും ബാധകമാണെന്നു നിശ്ചയിച്ചു .
2020 ഓഗസ്റ്റ് മാസം മുതൽ 2021 മാർച്ച് മാസം വരെയുള്ള GSTR-3B റിട്ടേൺ 2021 നവംബർ 30-ന് (2020-21 സാമ്പത്തിക വർഷത്തിൽ ഒരു നികുതിദായകന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കാൻ അർഹതയുള്ള അവസാന തീയതിയായി നിശ്ചയിച്ച തീയതി) ശേഷം മാത്രം ഫയൽ ചെയ്തതിനാൽ പ്രസ്തുത കാലയളവിൽ ക്രഡിറ്റ് ചെയ്ത 97,802 രൂപയുടെ ഐടിസി യോഗ്യതയില്ലാത്ത ഐടിസിയായി കണക്കാക്കി സെൻട്രൽ ജി.എസ്.റ്റി & സെൻട്രൽ എക്സൈസ്, റാന്നി റേഞ്ച് സൂപ്രണ്ടിന്റെ 20.01.2025-ലെ ZD320125012594V നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2017-ലെ CGST നിയമത്തിലെ 16(4), 16(5), 16(6) എന്നീ സെക്ഷനുകൾ ലംഘിച്ച് നേടിയെടുത്ത അനർഹമായ ITC നികുതിദായകൻ (ഗ്രാമപഞ്ചായത്ത്) സ്വമേധയാ തിരിച്ചെടുക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ യോഗ്യതയില്ലാത്ത ITC 97,802 (CGST- Rs. 48,901 And SGST Rs. 48,901) രൂപയും പെനാൽറ്റിയായി 20,000 (CGST Rs.10000 And SGST Rs. 10000) രൂപയും ഒടുക്കുവാൻ മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.
ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 29.03.2025-ൽ ആകെ 1,17,802 രൂപ (ചെക്ക് നം. SBIN326591 Dated 29.03.2025) ജി.എസ്.റ്റി. അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം, പരിഹരിക്കാൻ ആവശ്യപ്പെട്ട് യഥാസമയം നടപടികൾ എടുക്കാതിരുന്ന ഈ കാലയളവിലെ സെക്രട്ടറി, അക്കൗണ്ടന്റ് എന്നീ ഉദ്യോഗസ്ഥർക്ക് 03.04.2025-ലെ എ.2-2962/2024 നമ്പരായി കത്ത് അയച്ചിട്ടുണ്ട്.
തെറ്റായി ക്രഡിറ്റ് ചെയ്ത ഇൻപുട്ട് ടാക്സ് പണമായി അടവാക്കുന്നതിന് പകരം ഇലക്ട്രോണിക് ക്രഡിറ്റ് ലെഡ്ജറിൽ നിലവിൽ ഉള്ള തുകയിൽ ക്രമീകരിക്കാൻ കഴിയുമായിരുന്നു. ഈ സാധ്യത പ്രയോജനപ്പെടുത്തിയില്ല. പകരം പണമായി തുക ജി.എസ്.റ്റി. വകുപ്പിൽ അടവാക്കുകയായിരുന്നു. ഇലക്ട്രോണിക് ക്രഡിറ്റ് ലെഡ്ജറിൽ നിലവിൽ ഉള്ള തുകയിൽ ടി തുക ക്രമീകരിക്കാനും ഒടുക്കിയ തുക പഞ്ചായത്തിന് റീഫണ്ട് ചെയ്ത് ലഭിക്കാനും (Refund Of Excess Payment Of Tax) ഉള്ള സാധ്യത പ്രയോജനപ്പെടുത്തി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ക്രമീകരിക്കാവുന്നതാണ്. പണമായി ഒടുക്കിയ 1,17,802 രൂപ ജി.എസ്.റ്റി. വകുപ്പിൽ നിന്നും റീഫണ്ട് ചെയ്യാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. റീഫണ്ട് ലഭിക്കുന്നത് വരെ ഈ ഇനത്തിലുള്ള 1,17,802 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ജി.എസ്.റ്റി. ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജർ പ്രകാരം ITC Accrued Through Inputs എന്ന ഇനത്തിൽ 2025 ഓഗസ്റ്റ് മാസം വരെ നിലവിൽ 3,54,278 രൂപ ബാക്കി നിൽക്കുന്നു. സമാന രീതിയിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ഭരണസമിതി നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെ ഇലക്ട്രിക്ക് ജോലികൾ ചെയ്യുന്നതിനായി സി.എഫ്.സി ടൈഡ് ഫണ്ടിൽ നിന്നും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, പ്രോജക്ട് നം. 177/25 പ്രകാരം ആകെ 78,564 രൂപ ചെലവഴിച്ചിട്ടുണ്ട്. കരാറുകാരൻ സമർപ്പിച്ച ബിൽ പ്രകാരം ആകെ ബിൽ തുക 94,600 രൂപയായിരുന്നു. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ തുക 16,036.58 രൂപ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

1. Flood Light 40 W 3 Numbers - 5025.42X3= 15076.26

2. MCB DB 240/415 V 8 Numbers- 240.08X4= 960.32

റണ്ണിംഗ് അക്കൗണ്ട് ബിൽ പ്രകാരം കരാറുകാരന് ലഭിക്കേണ്ടിയിരുന്ന 87,508 രൂപയിൽ 16,036 രൂപ കുറവ് ചെയ്ത് 71,472 രൂപയാണ് ടിയാന് നൽകിയിട്ടുള്ളത്. (PFMS/DSC/R122404154565 Dated 13.12.2024)

മേൽ രണ്ട് ഇനങ്ങളുടെയും വിലയോടൊപ്പം കരാറുകാരന് ബില്ലിൽ ഉൾപ്പെടുത്തി നല്കിയ ജി.എസ്.ടി തുക 2,887 രൂപ കൂടി കുറവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ ഈ തുക കുറവ് ചെയ്തിട്ടില്ല. കരാർ വ്യവസ്ഥ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാതിരുന്ന കരാറുകാരന്റെ നടപടി അംഗീകരിക്കാവുന്നതല്ല. ഇയാൾക്കെതിരെ നടപടികൾ സ്വീകരിക്കാതെ ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കിയ

സെക്രട്ടറിയുടെ നടപടി ചട്ടവിരുദ്ധമാണ്. പഞ്ചായത്തിനുണ്ടായ അനാവശ്യചെലവ് 2,887 രൂപ തിരികെ ഈടാക്കുന്നതോടൊപ്പം കരാറുകാരനെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് 19-ാം നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 1-21 യോഗ നടപടികളുടെ മിനിട്സ് തയ്യാറാക്കിയതിൽ ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണ സമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്പ്രൂവ് ചെയ്ത തീയതി |
|---|---|---|---|
| 1 | 4.5.2024 | 6.7.2024 | 6.7.2024 |
| 2 | 29.5.2024 | 6.7.2024 | 6.7.2024 |
| 3 | 9.7.2024 | 7.10.2024 | 7.10.2024 |
| 4 | 29.7.2024 | 15.11.2024 | 15.11.2024 |
| 5 | 1.8.2024 | 3.9.2024 | 3.9.2024 |
| 6 | 13.9.2024 | 1.11.2024 | 1.11.2024 |
| 7 | 26.10.2024 | 17.12.2024 | 17.12.2024 |
| 8 | 12.11.2025 | 6.1.2025 | 6.1.2025 |
| 9 | 11.2.2025 | 24.1.2025 | 24.1.2025 |
| 10 | 8.1.2025 | 13.3.2025 | 13.3.2025 |
| 11 | 22.2.2025 | 2.4.2025 | 2.4.2025 |
| 12 | 29.1.2025 | 9.4.2025 | 9.4.2025 |
| 13 | 17.2.2025 | 9.4.2025 | 9.4.2025 |
| 14 | 11.3.2025 | 10.4.2025 | 10.4.2025 |

ചുവടെ ചേർക്കുന്ന തീയതികളിലെ മിനിട്ട്സ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | യോഗം നടന്ന തീയതി |
|---|---|
| 1 | 8.7.2025 |
| 2 | 7.8.2025 |
| 3 | 14.8.2025 |
| 4 | 27.8.2025 |
| 5 | 2.9.2025 |
| 6 | 19.9.2025 |

നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മിനിട്സ് അംഗീകാരത്തിന് സമർപ്പിക്കാത്തതിനും, ക്ലോസ് ചെയ്യാത്തതിനും കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/28.09.2025) മറുപടി ലഭ്യമാക്കിയില്ല. സമയപരിധി പാലിച്ച് മിനിട്സുകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം പരിഹാര നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ധാതു ലവണ മിശ്രിതവും വിരമരുന്നും- 119 കി.ഗ്രാം മിശ്രിതത്തിന്റെ വിതരണ വിവരം ലഭ്യമായില്ല


| | |
|---|---|
| പ്രോജക്ട് | ധാതുലവണമിശ്രിതവും, വിരമരുന്നും |
| നിർവ്വഹണ | വെറ്ററിനറി സർജൻ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ/ഫണ്ടിനം | 1,00,050 രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | 1,00,050 രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ബിൽ നം./തീയതി | BRN 240508520168010691 79, 20-12-2024 |

2024-25 വർഷം 150 ക്ഷീരകർഷകർക്ക് ധാതുലവണമിശ്രിതവും, വിരമരുന്നും നല്കുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയും 1043 കി.ഗ്രാം ധാതു ലവണവും 180 യൂണിറ്റ് വിരമരുന്നും നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങി കിറ്റുകളാക്കി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 6 കി.ഗ്രാം ധാതുലവണമിശ്രിതവും 2 യൂണിറ്റ് വിരമരുന്നും അടങ്ങിയതായിരുന്നു ഒരു കിറ്റ്. വിതരണ രജിസ്റ്റർ പ്രകാരം 89 ഗുണഭോക്താക്കൾക്കായി 154 കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഇത് പ്രകാരം വിരമരുന്ന് പൂർണ്ണമായും വിതരണം ചെയ്തെങ്കിലും ധാതുലവണ മിശ്രിതം 924 കി.ഗ്രാം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയുള്ള 119 കി.ഗ്രാം മിശ്രിതത്തിന്റെ (10,367 രൂപ വിലയുള്ള) വിവരം ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ 13/27-09-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി 6.9 കി.ഗ്രാം ധാതുലവണ മിശ്രിതമായിരുന്നു ഒരു കിറ്റിൽ അടങ്ങിയിരുന്നതെന്നും, ഡാറ്റാ എൻട്രി പിശക് മൂലമാണ് 6 കി.ഗ്രാം എന്ന് രേഖപ്പെടുത്തിയതെന്നും അറിയിച്ചു. ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. 119 കി.ഗ്രാം മിശ്രിതത്തിന്റെ വിതരണവിവരം ലഭ്യമാക്കുകയോ, സ്റ്റോക്ക് വിശദാംശങ്ങൾ ഹാജരാക്കുകയോ ചെയ്യുന്നതു വരെ ഈ ഇനത്തിലുള്ള 10,367 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 മുട്ടക്കോഴി വിതരണം - വിതരണക്കാരന് അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട് | മുട്ടക്കോഴി വളർത്തൽ ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ/ഫണ്ടിനം | 3,36,000 രൂപ വികസനഫണ്ട്, സാധാരണ വിഹിതം<br>28,000 രൂപ ഗുണഭോക്തൃവിഹിതം |
| ചെലവ് | 3,36,000 രൂപ വികസനഫണ്ട് ,സാധാരണ വിഹിതം<br>28,000 ഗുണഭോക്തൃവിഹിതം |
| ബിൽ നം./തീയതി | 1) 1,28,400 രൂപ- വികസനഫണ്ട് BRN24050852016801641780 21/03/25<br>2) 74,400 രൂപ- വികസനഫണ്ട് BRN2405085201680151948 13/03/25<br>3) 1,33,200 രൂപ- വികസനഫണ്ട് BRN24050852016801372475 24/2/25<br>4) 11,100 രൂപ- ഗുണഭോക്തൃ വിഹിതം<br>5) 10,700 രൂപ- ഗുണഭോക്തൃ വിഹിതം<br>6) 6,200 രൂപ- ഗുണഭോക്തൃ വിഹിതം |


DEEPAM EGGER NURSERY
PADIMON, KOTTANGAL, PATHANAMTHITTA
INVOICE
No. 306
Grand Total Rs.
AJITHKUMAR L.B.
Deepam Egger Nursery

2024-25 വർഷം പഞ്ചായത്തിൽ 3,36,000 രൂപ വികസനഫണ്ട് ചെലവഴിച്ച് 10 കോഴിക്കുഞ്ഞ് അടങ്ങുന്ന 280 യൂണിറ്റ് 100% സബ്സിഡിയോടെ വിതരണം ചെയ്തിട്ടുണ്ട്. കോഴിക്കുഞ്ഞിന്റെ വില 130 രൂപയായി വർദ്ധിപ്പിച്ചപ്പോൾ അധികം വരുന്ന 10 രൂപ ഗുണഭോക്തൃ വിഹിതം ആയി പിരിക്കുന്നതിന് സർക്കാർ അനുമതി

നല്കിയിരുന്നു. എന്നാൽ 2024-25 വർഷം പല എഗ്ഗർ നേഴ്സറികളും വില വർദ്ധിപ്പിക്കാതെ 120 രൂപ നിരക്കിൽ കോഴിക്കുഞ്ഞിനെ വിതരണം ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ള 2800 കോഴിക്കുഞ്ഞുങ്ങൾക്ക് 120 രൂപ നിരക്കിൽ ദീപം എഗ്ഗർ നേഴ്സറി ഉടമ, ശ്രീ. അജിത്കുമാർ L.B ബില്ല് നല്കിയിട്ടുണ്ട് (ക്രമ നം. 1, 2, 3). ഈ സാഹചര്യത്തിൽ ഗുണഭോക്തൃ വിഹിതമായി 28,000 രൂപ പിരിച്ചെടുത്ത് എഗ്ഗർ നേഴ്സറിക്ക് നല്കിയതിന്റെ ആവശ്യകത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 14/29-09-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഗുണഭോകൃത വിഹിതത്തിന്റെ ബിൽ നഴ്സറിയിൽ നിന്നും പ്രത്യേകമായി വാങ്ങി പഞ്ചായത്ത് വഴി തുക നഴ്സറിക്ക് നൽകി എന്ന മറുപടി അംഗീകരിക്കുന്നില്ല. വിതരണക്കാരൻ ഹാജരാക്കിയ ബിൽ തുകയിൽ അധികമായി നല്കിയ 28,000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക വിതരണക്കാരനിൽ നിന്നും തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 1-24 മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അനുവദനീയമല്ലാത്ത പ്രവൃത്തി നടപ്പാക്കി

| | |
|---|---|
| പ്രോജക്ട്/നം. | പ്രഭാത് ലൈബ്രറി മെയിന്റനൻസ്, 96/24-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/ഫണ്ടിനം | 4,05,275 രൂപ റോഡിതരമെയിന്റനൻസ് ഗ്രാന്റ് |
| ചെലവ് | 3,94,284 രൂപ |
| ബിൽ നം./തീയതി | 8/24-03-2025 |

പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട പ്രഭാത് ലൈബ്രറി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 2024-25 വർഷം 3,94,284 രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 09/04/2023 തീയതിയിലെ സ.ഉ.(കൈ)നം.90/2023/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ആസ്തികളുടെ അറ്റകുറ്റപ്പണിക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നത് തടഞ്ഞിട്ടുണ്ടെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറികളുടെ അറ്റകുറ്റപ്പണിക്ക് അനുവാദം നല്കിയിട്ടുണ്ട്. ഈ ഇളവ് കണക്കിലെടുത്താണ് 2024-25 വർഷം പ്രഭാത് ലൈബ്രറി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് തുക ചെലവഴിച്ചിട്ടുള്ളത്.

പ്രവൃത്തി സ്ഥലം നേരിൽ സന്ദർശിച്ച് നടത്തിയ പരിശോധനയിൽ മുൻകാലങ്ങളിൽ ലൈബ്രറി ആയി പ്രവർത്തിച്ചിരുന്നതും നിലവിൽ യാതൊരു പ്രവർത്തനവും നടക്കാത്തതും, ജില്ലാ ലൈബ്രറി കൗൺസിൽ അംഗീകാരം ഇല്ലാത്തതുമായ കെട്ടിടമാണിതെന്നും, പഞ്ചായത്തിന് കേരളപുരം ലൈബ്രറി എന്ന പേരിൽ സ്വന്തം ലൈബ്രറിയും, ലൈബ്രേറിയനും ഉള്ളതാണെന്നും കാണുന്നു. പഞ്ചായത്തിന്റെ സ്വന്തം ലൈബ്രറിയുടെ പ്രവർത്തനം തന്നെ പരിതാപകരമാണെന്നിരിക്കെ പ്രസ്തുത ലൈബ്രറി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്താതെ പഞ്ചായത്തിന് സറണ്ടർ ചെയ്ത് കിട്ടിയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്ക് അനുവദനീയമായ മറ്റ് ഫണ്ടുകൾ വിനിയോഗിക്കാതെ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 25/29-09-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. പ്രസ്തുത പ്രോജക്ടിന് ചെലവഴിക്കാമായിരുന്ന മറ്റ് ഫണ്ടുകളിൽ നിന്നും (വികസനഫണ്ട്, തനത് ഫണ്ട്) പ്രസ്തുത തുക മെയിന്റനൻസ് ഗ്രാന്റിന് ബാധകമായ ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ് ആയത് വരെ 3,94,284 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 മുൻ വർഷങ്ങളിലെ കണ്ടിജൻസി ചെലവുകൾ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ചത് നിയമാനുസൃതമല്ല

| | |
|---|---|
| പ്രോജക്ട്/നം. | കണ്ടിജൻസി ചെലവുകൾ, 15/24-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ CHC/PHC |
| അടങ്കൽ/ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം), 2,00,000 രൂപ |
| ചെലവ് | 2,00,000 രൂപ |

| | |
|---|---|
| ബിൽ നം./തീയതി | 02/22-07-2024 |

മേൽ പ്രോജക്ട് പ്രകാരം 2022-23, 2023-24 വർഷങ്ങളിൽ HMC ഫണ്ടിൽ നിന്നും ചെലവഴിച്ച 2,00,000 രൂപയുടെ, വിവിധ കണ്ടിജന്റ് ബില്ലുകൾ ഹാജരാക്കി 2024-25 വർഷത്തെ ചെലവുകൾക്കായി വകയിരുത്തിയ തുകയിൽ നിന്നും പിൻവലിച്ച് HMC അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി കണ്ടു. 2022-23, 2023-24 വർഷങ്ങളിലെ HMC യുടെ കണക്കുകൾ ക്രോഡീകരിച്ച് 2024 മാർച്ച് 31-ന് ക്ലോസ് ചെയ്തിട്ടുള്ളതാണ്. ഇതിന് ശേഷം നടന്ന ചെലവുകൾ നടത്തുന്നതിനാണ് 2024-25 വർഷം പ്രോജക്ട് വെച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ HMC-യുടെ ക്ലോസ് ചെയ്ത അക്കൗണ്ടിലെ തുക മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ചത് നിയമാനുസൃതമല്ല.

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ പ്രകാരം രോഗികളും പൊതുജനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ ചെലവുകൾ HMC ഫണ്ടിൽ നിന്നും നിർവ്വഹിക്കാവുന്നതാണ്. വൈദ്യുതി ബിൽ, വെള്ളക്കരം തുടങ്ങിയവ പോലും HMC ഫണ്ടിൽ നിന്നും നല്കുന്നതിന് തടസ്സമില്ല.

പഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിനായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുകയും ആയത് പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യുകയും നിയമാനുസൃതം ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിലേക്ക് മറ്റ് വിധത്തിൽ ലഭ്യമാകുന്ന ഫണ്ടുകൾ ഒഴിച്ച് (ഇവിടെ HMC ഫണ്ട്) ആവശ്യമുള്ള തുക രേഖാമൂലം അറിയിക്കുകയും, ആയത് കൂടി പരിഗണിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുകയുമാണ് ചെയ്യുന്നത്. ഇത് 2024-25 ബജറ്റിന്റെ ഭാഗവുമാണ് . ആയതിനാൽ തന്നെ 2024-25 വർഷം ബജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും മുൻവർഷങ്ങളിലെ ചെലവ് റീ കൂപ്പ് ചെയ്തത് ക്രമ വിരുദ്ധ നടപടിയാണ്. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (10/26.09.2025) മറുപടി നല്കിയില്ല. യഥാസമയം കണ്ടിജെൻസി ചെലവുകൾക്കായി പദ്ധതി രൂപീകരിച്ച് ചെലവുകൾ ചെയ്യാതിരുന്നത് ബന്ധപ്പെട്ട നിർവഹണോദ്യഗസ്ഥന്റെയും ഭരണസമിതിയുടേയും വീഴ്ച്ചയാണ്. ആയതിന് വിശദീകരണം നൽകേണ്ടതും, സമാനരീതിയിലുള്ള അപാകത ആവർത്തിക്കുന്നില്ല എന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-26 മിനിമാസ്റ്റ് ലെറ്റുകളുടെ മെയിന്റനൻസ് - മരാമത്ത് ചട്ടങ്ങൾ പാലിച്ചില്ല

പഞ്ചായത്ത് പരിധിയിലുള്ളതും പ്രവർത്തന രഹിതമായതുമായ മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്കായി തയ്യാറാക്കി സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/നം. | മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി, 200/25 | മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി, 180/25 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ/ഫണ്ടിനം | 4,76,105 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,30,000 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 4,72,000 രൂപ | 2,27,740 രൂപ |
| ബിൽ നം./തീയതി | 379/28-03-2025 | 305/17-03-2025 |

അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് കുറവ് തുക രേഖപ്പെടുത്തിയ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി നല്കിയത്. G.O.(P)No.104/2022/Fin., Dt 02-09-2022 പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ PMC ആയി ഏറ്റെടുക്കുന്നതിനാണ് അനുമതി ഉള്ളത്. ഉത്തരവ് പ്രകാരം മേൽ പറഞ്ഞ 2 പ്രോജക്ടുകളും KEL-ന് നേരിട്ട് നടപ്പാക്കുന്നതിന് നല്കിയത് നിയമവിരുദ്ധമാണ്. PMC എന്ന നിലയിൽ പ്രവൃത്തി ചെയ്യുമ്പോൾ, എസ്റ്റിമേറ്റ് എടുക്കുക, സാങ്കേതിക അനുമതി നല്കുക, ടെണ്ടർ ക്ഷണിച്ച് കരാറുകാരെ കണ്ടെത്തുക, ചെയ്ത പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തുക (അളവ് രേഖപ്പെടുത്തുക) ബില്ല് തയ്യാറാക്കി കരാറുകാരന് നല്കാനുള്ള തുക ശിപാർശ ചെയ്യുക തുടങ്ങിയവയായിരുന്നു KEL-ന്റെ ചുമതലകൾ. എന്നാൽ, ഫയൽ പരിശോധിച്ചതിൽ KEL നേരിട്ട് പ്രവൃത്തി ചെയ്തതായാണ് കാണുന്നത്. KEL-ന് പ്രവൃത്തി നേരിട്ട് ചെയ്യാൻ അനുമതി ഇല്ലാത്തതിനാൽ അക്രഡിറ്റഡ് ഏജൻസിക്ക് അർഹമായ ആനുകൂല്യങ്ങൾക്ക് KEL-ന് അർഹതയില്ല (മറ്റേതൊരു കരാറുകാരനേയും പോലെ പരിഗണിക്കാനെ കഴിയൂ). പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- സർക്കാർ സംവിധാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ നടപടികൾ (വിശദമായ എസ്റ്റിമേറ്റ് എടുക്കുക, സാങ്കേതിക അനുമതി നല്കുക, ടെണ്ടർ ക്ഷണിച്ച് കരാറുകാരെ കണ്ടെത്തുക, ചെയ്ത

പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തുക (അളവ് രേഖപ്പെടുത്തുക) ബില്ല് തയ്യാറാക്കി കരാറുകാരന് നല്കാനുള്ള തുക ശിപാർശ ചെയ്യുക ) സ്വീകരിക്കാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.

. PMC ആയി ചെയ്യുന്ന പ്രവൃത്തികളിൽ ഏജൻസിക്ക് PMC ചാർജ് (സെന്റേജ് ചാർജ്) മാത്രമാണ് നേരിട്ട് നല്കാവുന്നത്. പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരന് ഏജൻസിയുടെ ശിപാർശ പ്രകാരം തുക നേരിട്ട് നല്കണം, വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ത്രികക്ഷി കരാർ തയ്യാറാക്കണം. എന്നാൽ നടപടികൾ പാലിക്കാതെ ഏജൻസി തുക നേരിട്ട് കൈപ്പറ്റിയത് നിയമാനുസൃതമല്ല.

. പ്രവൃത്തിക്ക് ഉപയോഗിച്ചിരിക്കുന്ന സാധനങ്ങളുടെ (ഫ്ലഡ് ലൈറ്റ്, കോൺട്രാക്ടർ, ELCB, TIMER) ഗുണ നിലവാരം, ഉപയോഗിച്ചവയുടെ എണ്ണം എന്നിവ ഒരു തലത്തിലും പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

. മേൽ പറഞ്ഞ 2 പ്രോജക്ടുകളിലും 16,500 രൂപ വിലയുള്ള LED ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് തുക നല്കിയിട്ടുള്ളത്. പൊതു മാർക്കറ്റിൽ ഫിലിപ്സ് കമ്പനിയുടെ 150 വാട്സ് IP 66 റേറ്റിംഗ് ഉള്ള BVP176 മോഡൽ പോലും 5,000 രൂപ മുതൽ 10,000 രൂപ വരെ നിരക്കിൽ ലഭിക്കുമെന്നിരിക്കെ 16,500 രൂപ നല്കിയപ്പോൾ നല്കിയ തുകക്ക് തുല്യ മൂല്യമുള്ള ലൈറ്റാണ് സ്ഥാപിച്ചതെന്ന് ഉറപ്പുവരുത്തിയിട്ടില്ല. (പഞ്ചായത്ത് പരിധിയിലുള്ള 4 ഫ്ലഡ് ലൈറ്റുകളും മാറ്റിയ മിനിമാസ്റ്റ് ലൈറ്റ് പരിശോധിച്ചതിൽ വ്യത്യസ്ത ഫ്ലഡ് ലൈറ്റുകളാണ് കാണാൻ കഴിഞ്ഞത്).

. 180/25 നമ്പർ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ KEL സമർപ്പിച്ച ടെണ്ടറിൽ 8% സെന്റേജ് ചാർജ് 18% ജി.എസ്.റ്റി എന്നിവ ഉൾപ്പെടെയാണെന്ന് കാണുന്നു. KEL-ന് പ്രവൃത്തി നേരിട്ട് ചെയ്യാൻ അനുമതി ഇല്ലാത്തതിനാലും PMC എന്ന നിലയിൽ ചെയ്യേണ്ട ജോലികൾ ചെയ്തിട്ടില്ലാത്തതിനാലും (വിശദമായ PRICE-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇല്ല, അളവ് പുസ്തകം ഇല്ല, കരാറുകാരനെ തെരഞ്ഞെടുത്ത വിവരം ഇല്ല) സെന്റേജ് ചാർജിന് അർഹത ഇല്ല. ആയതിനാൽ ചെലവ് തുകയുടെ 8% ആയ 18,219 രൂപ (227740*8%) തിരികെ ഈടാക്കേണ്ടതാണ്.

. 200/25 നമ്പർ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ KEL സമർപ്പിച്ച ടെണ്ടറിൽ 8% സെന്റേജ് ചാർജ് 18% ജി.എസ്.റ്റി എന്നിവ ഉൾപ്പെടെയാണെന്ന് കാണുന്നു. KEL-ന് പ്രവൃത്തി നേരിട്ട് ചെയ്യാൻ അനുമതി ഇല്ലാത്തതിനാലും PMC എന്ന നിലയിൽ ചെയ്യേണ്ട ജോലികൾ ചെയ്തിട്ടില്ലാത്തതിനാലും (വിശദമായ PRICE-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇല്ല, അളവ് പുസ്തകം ഇല്ല, കരാറുകാരനെ തെരഞ്ഞെടുത്ത വിവരം ഇല്ല) സെന്റേജ് ചാർജിന് അർഹത ഇല്ല. ആയതിനാൽ ചെലവ് തുകയുടെ 8% ആയ 37,760 രൂപ തിരികെ (472000*8%) ഈടാക്കേണ്ടതാണ്.

. അറ്റകുറ്റപ്പണിക്ക് ഉപയോഗിച്ചിരിക്കുന്ന സാധനങ്ങൾ 3 വർഷ കമ്പനി വാറന്റി ഉള്ളതായതിനാൽ ഇതേ കാലയളവിലേക്ക് AMC ആയി ലൈറ്റ് ഒന്നിന് 8,000 രൂപ വീതം നല്കിയത് അംഗീകരിക്കുന്നില്ല. 180/25 നമ്പർ പ്രോജക്ടിന് 2 ലൈറ്റുകൾക്ക് നല്കിയ 16,000 രൂപയും (2*8000), 200/25 നമ്പർ പ്രോജക്ടിന് 5 ലൈറ്റുകൾക്ക് നല്കിയ 40,000 രൂപയും (5*8000) തിരികെ ഈടാക്കേണ്ടതാണ്.

. പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നടന്നിട്ടില്ലാത്തതിനാൽ പഞ്ചായത്ത് നിശ്ചയിക്കുന്ന സാങ്കേതിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി ഉപയോഗിച്ച സാധനങ്ങൾ പരിശോധിച്ച് ചെലവഴിച്ച തുകക്ക് തുല്യ മൂല്യം ഉള്ള പ്രവൃത്തി നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 12/27-09-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈസാഹചര്യത്തിൽ സെന്റേജ് ചാർജ് ആയി നല്കിയ 55,979 രൂപയും AMC ഇനത്തിൽ നല്കിയ 56,000 രൂപയും ഉൾപ്പെടെ 1,11,979 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നോ, KEL-ൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. മരാമത്ത് ചട്ടങ്ങൾ പാലിക്കാതെ നടത്തിയ പ്രവൃത്തിയിൽ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ പരിശോധന നടത്തി പ്രവൃത്തിയുടെ മൂല്യ നിർണ്ണയിച്ച് പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിക്കുന്നതു വരെ നിരാകരിച്ച തുക ഒഴികെയുള്ള 5,87,761 രൂപ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 മിനി MCF-കൾ യഥാസ്ഥലത്ത് സ്ഥാപിക്കാതെ MCF പരിസരത്ത് സൂക്ഷിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട്/നം. | വാർഡുകളിൽ പുതിയ മിനി MCF സ്ഥാപിക്കൽ 205/24-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ്– 3,66,344 രൂപ<br>കേന്ദ്ര ഫണ്ട്- 4,28,656 രൂപ |

| | |
|---|---|
| ചെലവ് | 3,66,344 (കേന്ദ്ര ഫണ്ട് 3,93,249 രൂപ 2025-26 വർഷം നല്കി) |
| ബിൽ നം./തീയതി | 347/23-03-2025 |



പഞ്ചായത്തിലെ 13 വാർഡുകളിൽ ഒന്ന് വീതം സ്ഥാപിക്കുന്നതിന് 13 മിനി MCF-കൾ സ്ഥാപിക്കുന്നതിന് 3,66,344 രൂപ ഓഡിറ്റ് വർഷവും 3,93,249 രൂപ 2025-26 വർഷവും കരാർ കമ്പനിയായ, റാന്നി ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നല്കുകയും അവർ പ്രവൃത്തി പൂർത്തിയാക്കി അവസാന ഗഡു 2025-26 വർഷം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ 58,430 രൂപ വീതം ചെലവഴിച്ച് നിർമ്മിച്ച 3 മിനി MCF-കൾ പ്രധാന MCF സ്ഥിതിചെയ്യുന്ന സ്ഥലത്ത് സൂക്ഷിച്ചിട്ടുള്ളതായാണ് കാണുന്നത്. 3 വാർഡുകളിൽ സ്ഥാപിക്കേണ്ട മിനി MCF-കൾ യഥാ സ്ഥാനത്ത് സ്ഥാപിച്ച് ഫലപ്രദമാക്കാത്തതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 11/26-09-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. എന്നാൽ എക്സിറ്റ് മീറ്റിംഗിൽ ആയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. മിനി MCF-കൾ പൂർണ്ണതോതിൽ സ്ഥാപിച്ച് ഫലപ്രദമാക്കുന്നത് വരെ തൻ വർഷത്തെ ചെലവ് 3,66,344 രൂപയിൽ നിന്നും 3 മിനി MCF കളുടെ ചെലവ് 1,75,290 രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 ജൽജീവൻ മിഷൻ പദ്ധതി

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് കേരളത്തിലെ ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം 15%-ഉം ഗുണഭോക്തൃ വിഹിതം 10%-ഉം ആണ്. പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ 10/08/2020 തീയതിയിലെ സ.ഉ.(സാധാ.)നം.4584/2020/ധന. പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

2021-ലാണ് കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചത്. 2864 ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അടങ്കൽ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| ആകെ അടങ്കൽ | 466700000 |
| ഗ്രാമപഞ്ചായത്ത് വിഹിതം (15%) | 70005000 |
| ഗുണഭോക്തൃവിഹിതം (10%) | 46670000 |
| സംസ്ഥാന സർക്കാർ വിഹിതം (30%) | 140010000 |
| കേന്ദ്ര സർക്കാർ വിഹിതം (45%) | 210015000 |

പദ്ധതി നടത്തിപ്പിലെ ഇംപ്ലിമെന്റ് സപ്പോർട്ട് ഏജൻസിയായ സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് എന്ന സ്ഥാപനമായും ജില്ലാ കുടിവെള്ള ശുചിത്വ സമിതി മെമ്പർ സെക്രട്ടറിയുമായും ഗ്രാമപഞ്ചായത്ത് 21.12.2021-ൽ ത്രികക്ഷി കരാർ ചമച്ചിട്ടുണ്ട്.

ജൽജീവൻ മിഷൻ പദ്ധതിക്കു വേണ്ടി ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടില്ല.

**പദ്ധതിയുടെ നിലവിലെ അവസ്ഥ**

പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളൊന്നും ഇത് സംബന്ധിച്ച ഫയലിൽ ലഭ്യമല്ല.

കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതും പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കുടിവെള്ളകണക്ഷൻ ലഭിക്കാത്ത ഏതെങ്കിലും കുടുംബങ്ങൾ ഉണ്ടോയെന്ന് പഞ്ചായത്ത് പരിശോധിച്ച് അപ്രകാരമുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽ ജൽജീവൻ മിഷൻ വഴി കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ഹെൽത്ത് ഗ്രാന്റ് അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 31/08/2022-ലെ സ.ഉ.(സാധാ)നം.2132/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1625/2023/ത.സ്വ.ഭ.വ തീയതി 09.08.2023 നമ്പർ ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 05-07-2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നടപടി ക്രമങ്ങൾ പ്രകാരം സ്കീം-3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കും, സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ പ്രവർത്തനങ്ങൾക്കുമുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

2022-23, 2023-24, 2024-25 എന്നീ മൂന്നു സാമ്പത്തിക വർഷങ്ങളിൽ പലിശയുൾപ്പടെ ഹെൽത്ത് ഗ്രാന്റായി 22,84,667 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. 2022-23, 2023-24, 2024-25 വർഷങ്ങളിൽ 10,47,857 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് (പലിശ സഹിതം) | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | *2024-25 | | 2022-23 | 2023-24 | **2024-25 | | |
| 1 | Support For Diagnostic Infrastructure | 240282 | 758386 | 329348 | **1328016** | 32000 | 243826 | 340031 | **615857** | 712159 |
| 2 | Grant For Rural Health & Wellness Centres | 111842 | 328221 | 516588 | **956651** | 23018 | 259023 | 149959 | **432000** | 524651 |
| 3 | Construction Of Building To Health Sub Centres | - | - | - | **-** | - | - | - | **-** | - |
| | **ആകെ** | 352124 | 1086607 | 845936 | **2284667** | 55018 | 502849 | 489990 | **1047857** | **1236810** |

*ഹെൽത്ത് & വെൽനെസ്സ് ഇനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശയിനത്തിലുള്ള 1,080 രൂപ ഈയിനത്തിലുള്ള വരവായി ഉൾപ്പെടുത്തുന്നതിനുപകരം ഇൻഫ്രാസ്ട്രക്ചർ ഇനത്തിലുള്ള വരവായാണ് വാർഷിക ധനകാര്യപത്രികയിൽ (RP-30) ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു മൂലം 2024-25-ലെ വരവിൽ 1,080 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

** 2024-25 വർഷം നടപ്പാക്കിയ 244/25 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് എന്ന പദ്ധതിപ്രകാരം 4,500 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഹെൽത്ത് & വെൽനെസ്സ് ഇനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് പകരം ഇൻഫ്രാസ്ട്രക്ചർ ഇനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. ഇതു മൂലം 2024-25-ലെ ചെലവിൽ 4,500 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. )

കോട്ടാങ്ങൽ കുടുംബാരോഗ്യ കേന്ദ്രത്തിന് കല്ലുമ്മാക്കൽ, ചുങ്കപ്പാറ, വായ്പൂർ എന്നിവിടങ്ങളിലായി മൂന്ന് സബ്സെന്ററുകളാണുള്ളത്. എല്ലാ സബ്സെന്ററുകൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്.

സർക്കാർ ഉത്തരവുകൾ പ്രകാരം Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 32000 | 180926 | 69430 | **282356** |

| | | | | | |
|---|---|---|---|---|---|
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | | 62900 | 266101 | **329001** |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ, ലാബ് റീയേജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | - | - | - | - |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | - | - | - | - |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | - | - | - | - |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ | - | - | - | - |
| | **ആകെ** | **32000** | **243826** | **335531** | **611357** |

സ്കീം-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇവയ്ക്കായി തുക ചെലവഴിച്ചിട്ടില്ല. സ്കീം-4 പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | | 81843 | 4500 | **86343** |
| 2 | ഇന്റർനെറ്റ് ചാർജ്ജ് | 6410 | 12700 | - | **19110** |
| 3 | ബോധവത്കരണ ക്ലാസ്സുകൾ | - | - | - | - |
| 4 | ജീവനക്കാർക്കും ആശ വർക്കേഴ്സിനും ആരോഗ്യപ്രവർത്തകർക്കും പരിശീലനം | - | - | - | - |
| 5 | ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക | 16608 | 164480 | 149959 | **331047** |
| | **ആകെ** | **23018** | **259023** | **154459** | **436500** |

കോട്ടാങ്ങൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള മൂന്നു സബ് സെന്ററുകളിലും ലാബ് സൗകര്യം നിലവിലില്ല. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, ശുചിത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയൊന്നും നടപ്പാക്കിയിട്ടില്ല. ഹെൽത്ത് ഗ്രാന്റിനത്തിൽ ബാങ്ക് പലിശയുൾപ്പെടെ 12,36,810 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ആരോഗ്യ ഗ്രാന്റ് ഫലപ്രദമായും സമയബന്ധിതമായും ചെലവഴിയ്ക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെ ഇലക്ട്രിക്ക് ജോലികൾ ചെയ്യുന്നതിനായി സി.എഫ്.സി ടൈഡ് ഫണ്ടിൽ നിന്നും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, പ്രോജക്ട് നം. 177/25 പ്രകാരം ആകെ 78,564 രൂപ ചെലവഴിച്ചിട്ടുണ്ട്. കരാറുകാരൻ സമർപ്പിച്ച ബിൽ പ്രകാരം ആകെ ബിൽ തുക 94,600 രൂപയായിരുന്നു. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ തുക 16,036.58 രൂപ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

1. Flood Light 40 W 3 Numbers - 5025.42X3= 15076.26


2. MCB DB 240/415 V 8 Numbers- 240.08X4= 960.32

റണ്ണിംഗ് അക്കൗണ്ട് ബിൽ പ്രകാരം കരാറുകാരന് ലഭിക്കേണ്ടിയിരുന്ന 87,508 രൂപയിൽ 16,036 രൂപ കുറവ് ചെയ്ത് 71,472 രൂപയാണ് ടിയാന് നൽകിയിട്ടുള്ളത്. (PFMS/DSC/R122404154565 Dated 13.12.2024)

മേൽ രണ്ട് ഇനങ്ങളുടെയും വിലയോടൊപ്പം കരാറുകാരന് ബില്ലിൽ ഉൾപ്പെടുത്തി നല്കിയ ജി.എസ്.ടി തുക 2,887 രൂപ കൂടി കുറവ് ചെയ്യേണ്ടിയിരുന്നു. എന്നാൽ ഈ തുക കുറവ് ചെയ്തിട്ടില്ല. കരാർ വ്യവസ്ഥ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാതിരുന്ന കരാറുകാരന്റെ നടപടി അംഗീകരിക്കാവുന്നതല്ല. ഇയാൾക്കെതിരെ നടപടികൾ സ്വീകരിക്കാതെ ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കിയ സെക്രട്ടറിയുടെ നടപടി ചട്ടവിരുദ്ധമാണ്. പഞ്ചായത്തിനുണ്ടായ അനാവശ്യചെലവ് 2,887 രൂപ തിരികെ ഈടാക്കുന്നതോടൊപ്പം കരാറുകാരനെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് 19-ാം നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-2 മുട്ടക്കോഴി വിതരണം - വിതരണക്കാരന് അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട് | മുട്ടക്കോഴി വളർത്തൽ ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ/ഫണ്ടിനം | 3,36,000 രൂപ വികസനഫണ്ട്, സാധാരണ വിഹിതം<br>28,000 രൂപ ഗുണഭോക്തൃവിഹിതം |
| ചെലവ് | 3,36,000 രൂപ വികസനഫണ്ട് ,സാധാരണ വിഹിതം<br>28,000 ഗുണഭോക്തൃവിഹിതം |
| ബിൽ നം./തീയതി | 1) 1,28,400 രൂപ- വികസനഫണ്ട് BRN24050852016801641780 21/03/25<br>2) 74,400 രൂപ- വികസനഫണ്ട് BRN2405085201680151948 13/03/25<br>3) 1,33,200 രൂപ- വികസനഫണ്ട് BRN24050852016801372475 24/2/25<br>4) 11,100 രൂപ- ഗുണഭോക്തൃ വിഹിതം<br>5) 10,700 രൂപ- ഗുണഭോക്തൃ വിഹിതം<br>6) 6,200 രൂപ- ഗുണഭോക്തൃ വിഹിതം |


DEEPAM EGGER NURSERY
PADIMON, KOTTANGAL, PATHANAMTHITTA
(Approved by Department of Animal Husbandry, Kerala)
No. 306 INVOICE
Grand Total Rs. 74400
AJITHKUMAR L.B.

2024-25 വർഷം പഞ്ചായത്തിൽ 3,36,000 രൂപ വികസനഫണ്ട് ചെലവഴിച്ച് 10 കോഴിക്കുഞ്ഞ് അടങ്ങുന്ന 280 യൂണിറ്റ് 100% സബ്സിഡിയോടെ വിതരണം ചെയ്തിട്ടുണ്ട്. കോഴിക്കുഞ്ഞിന്റെ വില 130 രൂപയായി വർദ്ധിപ്പിച്ചപ്പോൾ അധികം വരുന്ന 10 രൂപ ഗുണഭോക്തൃ വിഹിതം ആയി പിരിക്കുന്നതിന് സർക്കാർ അനുമതി നല്കിയിരുന്നു. എന്നാൽ 2024-25 വർഷം പല എഗ്ഗർ നേഴ്സറികളും വില വർദ്ധിപ്പിക്കാതെ 120 രൂപ നിരക്കിൽ കോഴിക്കുഞ്ഞിനെ വിതരണം ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ള 2800 കോഴിക്കുഞ്ഞുങ്ങൾക്ക് 120 രൂപ നിരക്കിൽ ദീപം എഗ്ഗർ നേഴ്സറി ഉടമ, ശ്രീ. അജിത്കുമാർ L.B ബില്ല് നല്കിയിട്ടുണ്ട് (ക്രമ നം. 1, 2, 3). ഈ സാഹചര്യത്തിൽ ഗുണഭോക്തൃ

വിഹിതമായി 28,000 രൂപ പിരിച്ചെടുത്ത് എഗ്ഗർ നേഴ്സറിക്ക് നല്കിയതിന്റെ ആവശ്യകത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 14/29-09-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഗുണഭോക്തൃ വിഹിതത്തിന്റെ ബിൽ നഴ്സറിയിൽ നിന്നും പ്രത്യേകമായി വാങ്ങി പഞ്ചായത്ത് വഴി തുക നഴ്സറിക്ക് നൽകി എന്ന മറുപടി അംഗീകരിക്കുന്നില്ല. വിതരണക്കാരൻ ഹാജരാക്കിയ ബിൽ തുകയിൽ അധികമായി നല്കിയ 28,000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക വിതരണക്കാരനിൽ നിന്നും തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-3 മിനിമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് - മരാമത്ത് ചട്ടങ്ങൾ പാലിച്ചില്ല

പഞ്ചായത്ത് പരിധിയിലുള്ളതും പ്രവർത്തന രഹിതമായതുമായ മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്കായി തയ്യാറാക്കി സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/നം. | മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി, 200/25 | മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി, 180/25 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ/ഫണ്ടിനം | 4,76,105 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,30,000 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 4,72,000 രൂപ | 2,27,740 രൂപ |
| ബിൽ നം./തീയതി | 379/28-03-2025 | 305/17-03-2025 |

അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് കുറവ് തുക രേഖപ്പെടുത്തിയ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി നല്കിയത്. G.O.(P)No.104/2022/Fin., Dt 02-09-2022 പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ PMC ആയി ഏറ്റെടുക്കുന്നതിനാണ് അനുമതി ഉള്ളത്. ഉത്തരവ് പ്രകാരം മേൽ പറഞ്ഞ 2 പ്രോജക്ടുകളും KEL-ന് നേരിട്ട് നടപ്പാക്കുന്നതിന് നല്കിയത് നിയമവിരുദ്ധമാണ്. PMC എന്ന നിലയിൽ പ്രവൃത്തി ചെയ്യുമ്പോൾ, എസ്റ്റിമേറ്റ് എടുക്കുക, സാങ്കേതിക അനുമതി നല്കുക, ടെണ്ടർ ക്ഷണിച്ച് കരാറുകാരെ കണ്ടെത്തുക, ചെയ്ത പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തുക (അളവ് രേഖപ്പെടുത്തുക) ബില്ല് തയ്യാറാക്കി കരാറുകാരന് നല്കാനുള്ള തുക ശിപാർശ ചെയ്യുക തുടങ്ങിയവയായിരുന്നു KEL-ന്റെ ചുമതലകൾ. എന്നാൽ, ഫയൽ പരിശോധിച്ചതിൽ KEL നേരിട്ട് പ്രവൃത്തി ചെയ്തതായാണ് കാണുന്നത്. KEL-ന് പ്രവൃത്തി നേരിട്ട് ചെയ്യാൻ അനുമതി ഇല്ലാത്തതിനാൽ അക്രഡിറ്റഡ് ഏജൻസിക്ക് അർഹമായ ആനുകൂല്യങ്ങൾക്ക് KEL-ന് അർഹതയില്ല (മറ്റേതൊരു കരാറുകാരനേയും പോലെ പരിഗണിക്കാനെ കഴിയൂ). പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- സർക്കാർ സംവിധാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ നടപടികൾ (വിശദമായ എസ്റ്റിമേറ്റ് എടുക്കുക, സാങ്കേതിക അനുമതി നല്കുക, ടെണ്ടർ ക്ഷണിച്ച് കരാറുകാരെ കണ്ടെത്തുക, ചെയ്ത പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തുക (അളവ് രേഖപ്പെടുത്തുക) ബില്ല് തയ്യാറാക്കി കരാറുകാരന് നല്കാനുള്ള തുക ശിപാർശ ചെയ്യുക ) സ്വീകരിക്കാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.
- PMC ആയി ചെയ്യുന്ന പ്രവൃത്തികളിൽ ഏജൻസിക്ക് PMC ചാർജ് (സെന്റേജ് ചാർജ്) മാത്രമാണ് നേരിട്ട് നല്കാവുന്നത്. പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരന് ഏജൻസിയുടെ ശിപാർശ പ്രകാരം തുക നേരിട്ട് നല്കണം, വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ത്രികക്ഷി കരാർ തയ്യാറാക്കണം. എന്നാൽ നടപടികൾ പാലിക്കാതെ ഏജൻസി തുക നേരിട്ട് കൈപ്പറ്റിയത് നിയമാനുസൃതമല്ല.
- പ്രവൃത്തിക്ക് ഉപയോഗിച്ചിരിക്കുന്ന സാധനങ്ങളുടെ (ഫ്ലഡ് ലൈറ്റ്, കോൺട്രാക്ടർ, ELCB, TIMER) ഗുണ നിലവാരം, ഉപയോഗിച്ചവയുടെ എണ്ണം എന്നിവ ഒരു തലത്തിലും പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.
- മേൽ പറഞ്ഞ 2 പ്രോജക്ടുകളിലും 16,500 രൂപ വിലയുള്ള LED ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് തുക നല്കിയിട്ടുള്ളത്. പൊതു മാർക്കറ്റിൽ ഫിലിപ്സ് കമ്പനിയുടെ 150 വാട്സ് IP 66 റേറ്റിംഗ് ഉള്ള BVP176 മോഡൽ പോലും 5,000 രൂപ മുതൽ 10,000 രൂപ വരെ നിരക്കിൽ ലഭിക്കുമെന്നിരിക്കെ 16,500 രൂപ നല്കിയപ്പോൾ നല്കിയ തുകക്ക് തുല്യ മൂല്യമുള്ള ലൈറ്റാണ് സ്ഥാപിച്ചതെന്ന് ഉറപ്പുവരുത്തിയിട്ടില്ല. (പഞ്ചായത്ത് പരിധിയിലുള്ള 4 ഫ്ലഡ് ലൈറ്റുകളും മാറ്റിയ മിനിമാസ്റ്റ് ലൈറ്റ് പരിശോധിച്ചതിൽ വ്യത്യസ്ത ഫ്ലഡ് ലൈറ്റുകളാണ് കാണാൻ കഴിഞ്ഞത്).
- 180/25 നമ്പർ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ KEL സമർപ്പിച്ച ടെണ്ടറിൽ 8% സെന്റേജ് ചാർജ് 18% ജി.എസ്.റ്റി എന്നിവ ഉൾപ്പെടെയാണെന്ന് കാണുന്നു. KEL-ന് പ്രവൃത്തി നേരിട്ട് ചെയ്യാൻ അനുമതി ഇല്ലാത്തതിനാലും PMC എന്ന നിലയിൽ ചെയ്യേണ്ട ജോലികൾ ചെയ്തിട്ടില്ലാത്തതിനാലും (വിശദമായ PRICE-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇല്ല, അളവ് പുസ്തകം ഇല്ല, കരാറുകാരനെ തെരഞ്ഞെടുത്ത വിവരം ഇല്ല) സെന്റേജ് ചാർജിന് അർഹത ഇല്ല. ആയതിനാൽ ചെലവ് തുകയുടെ 8% ആയ 18,219 രൂപ (227740*8%)

തിരികെ ഈടാക്കേണ്ടതാണ്.

. 200/25 നമ്പർ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ KEL സമർപ്പിച്ച ടെണ്ടറിൽ 8% സെന്റേജ് ചാർജ് 18% ജി.എസ്.റ്റി എന്നിവ ഉൾപ്പെടെയാണെന്ന് കാണുന്നു. KEL-ന് പ്രവൃത്തി നേരിട്ട് ചെയ്യാൻ അനുമതി ഇല്ലാത്തതിനാലും PMC എന്ന നിലയിൽ ചെയ്യേണ്ട ജോലികൾ ചെയ്തിട്ടില്ലാത്തതിനാലും (വിശദമായ PRICE-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇല്ല, അളവ് പുസ്തകം ഇല്ല, കരാറുകാരനെ തെരഞ്ഞെടുത്ത വിവരം ഇല്ല) സെന്റേജ് ചാർജിന് അർഹത ഇല്ല. ആയതിനാൽ ചെലവ് തുകയുടെ 8% ആയ 37,760 രൂപ തിരികെ (472000*8%) ഈടാക്കേണ്ടതാണ്.

. അറ്റകുറ്റപ്പണിക്ക് ഉപയോഗിച്ചിരിക്കുന്ന സാധനങ്ങൾ 3 വർഷ കമ്പനി വാറന്റി ഉള്ളതായതിനാൽ ഇതേ കാലയളവിലേക്ക് AMC ആയി ലൈറ്റ് ഒന്നിന് 8,000 രൂപ വീതം നല്കിയത് അംഗീകരിക്കുന്നില്ല. 180/25 നമ്പർ പ്രോജക്ടിന് 2 ലൈറ്റുകൾക്ക് നല്കിയ 16,000 രൂപയും (2*8000), 200/25 നമ്പർ പ്രോജക്ടിന് 5 ലൈറ്റുകൾക്ക് നല്കിയ 40,000 രൂപയും (5*8000) തിരികെ ഈടാക്കേണ്ടതാണ്.

. പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നടന്നിട്ടില്ലാത്തതിനാൽ പഞ്ചായത്ത് നിശ്ചയിക്കുന്ന സാങ്കേതിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി ഉപയോഗിച്ച സാധനങ്ങൾ പരിശോധിച്ച് ചെലവഴിച്ച തുകക്ക് തുല്യ മൂല്യം ഉള്ള പ്രവൃത്തി നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 12/27-09-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈസാഹചര്യത്തിൽ സെന്റേജ് ചാർജ് ആയി നല്കിയ 55,979 രൂപയും AMC ഇനത്തിൽ നല്കിയ 56,000 രൂപയും ഉൾപ്പെടെ 1,11,979 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നോ, KEL-ൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. മരാമത്ത് ചട്ടങ്ങൾ പാലിക്കാതെ നടത്തിയ പ്രവൃത്തിയിൽ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ പരിശോധന നടത്തി പ്രവൃത്തിയുടെ മൂല്യ നിർണ്ണയിച്ച് പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിക്കുന്നതു വരെ നിരാകരിച്ച തുക ഒഴികെയുള്ള 5,87,761 രൂപ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് വിവരങ്ങൾ

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 14 | 79500 | 79500 | 0 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | - |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-07-2024 -31-7-24 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | - |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | - |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 26.09.2025 & 27.09.2025 | കെ.എസ്.എ-പി.റ്റി.എ/പി7/1192 /2025 തീയതി: 05.11.2025 |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്, നമ്പർ | ലഭിച്ച തുക | ചെലവ് | ബാക്കി തുക |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | അനുപൂരക പോഷഹാകാര പദ്ധതി, 11/25 | 94998 | 94998 | 0 |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ, 12/25 | 100000 | 100000 | 0 |
| | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം, 211/25 | 86881 | 86881 | 0 |
| | കൃഷി വനിത ഗ്രൂപ്പുകൾക്ക് ധനസഹായം, 225/25 | 30000 | 30000 | 0 |
| | ലൈഫ് ഭവനപദ്ധതി എസ്.സി, 68/25 | 490000 | 490000 | 0 |
| | 92-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം, 207/25 | 341772 | 341772 | 0 |
| | മൃഗാശുപത്രി കെട്ടിടം അടിസ്ഥാന സൗകര്യം, 138/25 | 150000 | 150000 | 0 |
| | എം.സി.എഫ്. ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ, 142/25 | 200000 | 200000 | 0 |
| | പാലിന് സബ്സിഡി, 18/25 | 150000 | 150000 | 0 |
| **ആകെ ബ്ലോക്ക് വിഹിതം** | | **1643651** | **1643651** | **0** |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവനപദ്ധതി, 65/25 | 520000 | 520000 | 0 |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ, 12/25 | 111200 | 111200 | 0 |
| | ആശ്രയ പദ്ധതി, 25/25 | 200000 | 200000 | 0 |
| | പാലിന് സബ്സിഡി, 18/25 | 256100 | 256100 | 0 |
| **ആകെ ജില്ലാ പഞ്ചായത്ത് വിഹിതം** | | **1087300** | **1087300** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | പേര് | തുക | | |
|---|---|---|---|---|
| ഭൂജല വകുപ്പ് | കുഴൽകിണർ നിർമ്മാണം, 176/25 | 232000 | 0 | 232000 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കായി ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പതുക | ആകെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-ഹഡ്കോ | 3568330 | 76800000 | 11248330 | 120327 | | 10045003 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2022-23 | 1-22 | 27040 | ശ്രീ. ജോൺസൻ വി.ജെ., കരാറുകാരൻ | 1240100066/08.04.2024 |
| 2022-23 | 1-21 | 20765 | ശ്രീ. ഹരിലാൽ, കരാറുകാരൻ | 1240100067/08.04.2024 |
| 2022-23 | 1-19 | 22120 | ശ്രീമതി ബിന്ദു എ.ജോയി, സെക്രട്ടറി | 1240102445/22.03.2025 |
| 2022-23 | 1-19 | 22120 | ശ്രീ. ശ്രീകുമാർ എം.ആർ., അക്കൗണ്ടന്റ് | 1240102446/22.03.2025 |
| 2022-23 | 1-19 | 22120 | ശ്രീ. ഫജീർ വൈ, ഹെഡ് ക്ലർക്ക് | 1240102447/22.03.2025 |
| 2022-23 | 1-19 | 22120 | ശ്രീ. സനിൽ എസ്, ഹെഡ് ക്ലർക്ക് | 1240102448/22.03.2025 |
| 2023-24 | 3-3 | 5694 | ശ്രീ. വിനയൻ ആർ, അസിസ്റ്റന്റ് സെക്രട്ടറി | 1240101785/10.02.2025 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999-00 35 | 2003-04 | 3-3 (മറ്റ് പരാമർശങ്ങൾ) | വിശദാംശങ്ങൾ ഇല്ലാതെ തുക പിൻവലിച്ചത് സംബന്ധിച്ച് | പ്രസ്തുത വ്യക്തികൾക്കെതിരെ ബാധ്യത നിർണ്ണയിച്ചത്, ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | | ഡയറക്ടർ നേരിട്ടന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ ശുപാർശ ചെയ്തിട്ടുള്ളതാണ്. |
| 1999-00 50 | 2003-04 | 3-3 (മറ്റ് പരാമർശങ്ങൾ) | മൊബിലൈസേഷൻ അഡ്വാൻസ് നൽകി പണി നടത്തിയില്ല | ” |
| 1999-00 59 | 2003-04 | 3-3 (മറ്റ് പരാമർശങ്ങൾ) | മലമ്പാറ വാട്ടർ സപ്ലൈ സ്ക്കീമിൽ സ്ഥലമെടുക്കാനുള്ള പദ്ധതി | ” |
| 1999-00 60 | 2003-04 | 3-3 (മറ്റ് പരാമർശങ്ങൾ) | ചെറുകോൽപതാൽ കുമാരമംഗലം റോഡിന്റെ പുനരുദ്ധാരണ പദ്ധതി | ” |
| 2014-15 | 2016-17 | അദ്ധ്യായം-2 അനുബന്ധം-4 | വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ 2014-15 | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2016-17 | അദ്ധ്യായം-2 അനുബന്ധം-5 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ 2015-16 | സമിതിയുടെ പരിഗണനയിൽ |
| 2019-20 1-22 | 2020-21 | 1-2 അനുബന്ധം-2 | ചെലവ് വൗച്ചറുകൾ ഭൂരിഭാഗവും ഒരാളുടെ പേരിൽ | സമിതിയുടെ പരിഗണനയിൽ |
| 2019-20 1-12 | 2021-22 | 1.1 അനുബന്ധം-1 | വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തുന്നത് | സമിതിയുടെ പരിഗണനയിൽ |
| 2021-22 1-20 | 2022-23 | 1-18 | ടേക്ക് എ ബ്രേക്ക് പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്നു | നിലവിൽ പ്രവർത്തിക്കുന്നുണ്ട് |

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

തൻവർഷം ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 10,89,64,449 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,09,78,385 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 1,42,866 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,85,504 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,887 | ശ്രീ. ബിനു വർഗ്ഗീസ്, സെക്രട്ടറി |
| 3-2 | | 28,000 | ഡോ. സുമയ്യ, വെറ്ററിനറി സർജൻ |
| 3-3 | | 1,11,979 | ശ്രീ. ബിനു വർഗ്ഗീസ്, സെക്രട്ടറി |
| **ആകെ** | | **1,42,866** | |

**തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക |
|---|---|---|
| 1-19 | ശ്രീ. ബിനു വർഗ്ഗീസ്, സെക്രട്ടറി | 1,17,802 |

| | | |
|---|---|---|
| 1-22 | ഡോ. സുമയ്യ, വെറ്ററിനറി സർജൻ | 10,367 |
| 1-24 | ശ്രീമതി പാർവതി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | 3,94,284 |
| 1-26 | ശ്രീ. ബിനു വർഗ്ഗീസ്, സെക്രട്ടറി | 5,87,761 |
| 1-27 | ശ്രീമതി പാർവതി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | 1,75,290 |
| **ആകെ** | | **12,85,504** |

**സി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിനു വർഗ്ഗീസ്, സെക്രട്ടറി | സെക്രട്ടറി, കോട്ടങ്ങൾ ഗ്രാമപഞ്ചായത്ത് | ബദേൽ, കീരിക്കുഴി പി.ഒ., 689502 |
| ഡോ. സുമയ്യ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, പെരിങ്ങര | കൊല്ലം പറമ്പിൽ, പി.സി കേരള് പി.ഒ., പായിപ്പാട്, ചങ്ങനാശ്ശേരി, 686537 |
| ശ്രീമതി പാർവതി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW സെക്ഷൻ, ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്, പള്ളിക്കൽ പി.ഒ., ആലപ്പുഴ | കൃഷ്ണേന്തു, തോന്നാലൂർ, പന്തളം പി.ഒ, 689501 |

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ, തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.7.1090/11, തീയതി 05.01.12/05.07.13 | 1 (3-6) |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.7.1087/11, തീയതി 05.01.12/05.07.13 | 3 (3-1, 3-3, 3-14) |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.7.1091/11, തീയതി 05.01.12/05.07.13 | 4 (3-1, 3-4, 3-5, 3-7) |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി.7/641/13, തീയതി 17.12.13/14.05.14 | 13 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി.7/186/15, തീയതി 30-03-15/ 08.04.15. | 3 (3-2, 3-4, 3-5) |
| 2014-15 | കെഎസ്എ.പിറ്റിഎ.പി7/679(എ)/2016 തീയതി 22.6.2016 | 8 (2-1, 2-2, 2-3, 2-4, 2-7, 3-1, 3-2, 3-3) |
| 2015-16 | കെഎസ്എ.പിറ്റിഎ.പി7/1319/2016, തീയതി 3.12.2016 | 5 (2-2, 2-4, 3-5, 3-8, 3-10) |
| 2016-17 | കെഎസ്എ.പിറ്റിഎ.പി7/911/2017, തീയതി-16.8.17 | 20 (2-1, 2-3, 2-4, 2-5, 2-7(a), 2-7(b), 2-7, 2-8, 2-9, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-13, 3-14, 3-15) |
| 2017-18 | കെഎസ്എ.പിറ്റിഎ.പി13/29/2019, തീയതി-10.1.19 | 22 (2-1, 2-3, 2-5, 2-6, 2-7, 2-8, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-17, 3-19, 3-20, 3-22, 3-25) |
| 2018-19 | കെഎസ്എ.പിറ്റിഎ.പി13/149/2020, തീയതി-4.5.2020 | 16 (1-12, 1-14, 1-15, 1-16, 1-17, 1-21, 1-22, 1-23, 1-24, 1-25, 1-27, 1-32, 1-33, 1-34, 3-1, 4-3) |
| 2019-20 | കെഎസ്എ.പിറ്റിഎ.പി7/490/2021, തീയതി- 5.8.2021 | 11 (1-2, 1-9, 1-12 (CAR), 1-13, 1-14, 1-15, 1-24, 1-25, 4-2, 4-7, 4-10) |
| 2020-21 | കെഎസ്എ.പിറ്റിഎ.പി7/491/2021, | 11 (1-2, 1-9, 1-12, 1-13, 1-14, 1-15, 1-21, 1-22, 1-23, 4-7, |

| | | |
|---|---|---|
| | തീയതി- 27.8.2021 | 4-10) |
| 2021-22 | കെഎസ്എ.പിറ്റിഎ.പി7-1207/22, തീയതി- 06/12/2022 | 7 (1-20 (CAR), 1-24, 1-27, 1-28, 1-29, 1-30, 4-7) |
| 2022-23 | കെ.എസ്.എ.പി.റ്റി.എP7/1196/23, തീയതി: 12-12-2023 | 7 (1-14, 1-19, 1-20, 1-26, 1-27, 4-2, 4-7) |
| 2023-24 | കെ.എസ്.എ.പി.റ്റി.എP7/1151/24 തീയതി: 28.11.2024 | 64 (1-1-1 മുതൽ 1-1-13 വരെ, 1-5, 1-9, 1-11 മുതൽ 1-36 വരെ, 3-1, 3-2, 3-3) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 (1) dated 13-06-2025 and submitted on 18-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the KOTTANGAL Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of KOTTANGAL Grama Panchayat as on 31-03-2025

**Date: 05/11/2025**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

**Audit Report appended to the Audit Certificate of KOTTANGAL Grama Panchayat for the Year 2024-2025 .**

**1.Major Observations**

1. The asset value shown in Balance sheet is not traceable to asset register due to unsupported
design of existing asset register.

**2.Other Observations**

1. Basic ratios as per Kerala Panchayat Raj Accounting Rules and notes on significant accounting policies were not included in annual accounts.
2. Demand entries are not being recorded in timely manner.
3. Cashflow Statement - Net increase in Cashflow does not match with the difference between the opening balance
and closing balance of cash and cash equivalents.
4. The accuracy of the amounts in the prior period heads is not convinced.

5. Beneficiary contribution- balance is not accurate.
6. The amount of rent arrears does not match with the Annual Financial Accounts.
7. Certain expenses are not included in the correct head of account.
8. The Part bill amount is not included in the correct schedule of Annual Financial Statement.
9. The deposit register has not been kept with an annual summary and certified by the Secretary.
10. Liability in respect of stale cheques- Amount not settled.
11. Certain expenses are seen omitted from financial statement.
12. Demand, collection, and balance of property tax in the Sanchaya software do not match with the respective figures in the Annual Financial Statement.
13. Entries made through journals are not authenticated. Authorised vouchers or records were not maintained.
14. The balance amount of deposit works is not correct.
15. Valuation of stocks is not included in the Annual Financial Statements.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്